# മലയാളം
## ടീച്ചർ ടെക്സ്റ്റ്

സ്റ്റാൻഡേർഡ് IX

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

# 1 ഉള്ളിലുയിർക്കും മഴവില്ല്

## ആമുഖം

മാനവികതയാണ്, മനുഷ്യന് സാമൂഹ്യജീവിയാകാൻ അർഹത നേടിക്കൊടുക്കുന്നത്. സഹജീവിസ്നേഹം, പരിഗണന, ഉൾക്കൊള്ളൽ തുടങ്ങിയ ജീവിതമൂല്യങ്ങൾ മാനവികതയുടെ അടിസ്ഥാനഘടകങ്ങളാണ്. പ്രപഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്ത് നിലയുറപ്പിച്ചതോടുകൂടി, മനുഷ്യന്റെ ചുമതലകളും കടമയും വർദ്ധിച്ചു. ഈ പ്രപഞ്ചത്തിൽ തനിക്കുള്ള സ്ഥാനം, നിർവഹിക്കേണ്ട കടമകൾ, നിറവേറ്റേണ്ട ഉത്തരവാദിത്വങ്ങൾ എന്നിവയെക്കുറിച്ച് മനുഷ്യർ കൂടുതൽ ബോധമുള്ളവരാകേണ്ടി വന്നു. അങ്ങനെ എല്ലാ മനുഷ്യവ്യാപാരങ്ങളിലും മാനവികതയുടെ അടയാളം പ്രധാനമായി.

ഈ യൂണിറ്റിൽ മാനവികതയുടെ വ്യത്യസ്തതലങ്ങളെ അഭിസംബോധന ചെയ്യുന്ന മൂന്ന് പാഠഭാഗങ്ങളും ഒരു പ്രവേശകവുമാണ് ഉള്ളത്. സ്വാർഥത എന്ന മനോഭാവത്തെ വിരുദ്ധോക്തിയിലൂടെ (irony) വിമർശിക്കുന്ന, കെ. ജി. ശങ്കരപ്പിള്ളയുടെ **അഭിമുഖം** എന്ന കവിതയാണ് പ്രവേശകമായി നൽകിയിട്ടുള്ളത്. തുടർന്ന് കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി എന്ന കാവ്യത്തിലെ ഒരു സന്ദർഭം **സുകൃതഹാരങ്ങൾ** എന്ന തലക്കെട്ടിൽ നൽകിയിരിക്കുന്നു. മനുഷ്യനെ ജാതിയുടെ പേരിൽ വേർതിരിച്ചുനിർത്തിയ സാമൂഹികക്രമത്തിന്റെ കുഴപ്പങ്ങളും അർഥശൂന്യതയും കാവ്യഭാഗം അവതരിപ്പിക്കുന്നു. എല്ലാത്തരം വേർതിരിവുകൾക്കും മുകളിലായി പ്രവർത്തിക്കേണ്ട സാമൂഹ്യനീതി എന്ന ആശയമാണ് സുകൃതഹാരങ്ങൾ എന്ന കാവ്യഭാഗം വിനിമയം ചെയ്യുന്നത്. സാമൂഹികജീവിതത്തിൽ മനുഷ്യൻ ആർജിക്കേണ്ട തിരിച്ചറിവുകളിൽ പ്രധാനമാണ് ഇത്.

മാധവിക്കുട്ടിയുടെ **അമ്മ** എന്ന കഥ ലൗകികജീവിതത്തിൽ നാം പുലർത്തേണ്ട മാനവികതയുടെ വ്യത്യസ്തതലങ്ങൾ ചൂണ്ടിക്കാണിച്ചു തരുന്നു. കുടുംബത്തിനുള്ളിലും പുറത്തും രൂപപ്പെടേണ്ട മാനവികതയുടെ തലങ്ങൾ ഈ കഥ വ്യക്തമാക്കുന്നു. എം. കെ. സാനുവിന്റെ **പാത്തുമ്മായുടെ ആട്** ഒരു സത്യമായ കഥ എന്ന ലേഖനം മാനവികതയുടെ ഉയർന്നതലത്തെയാണ് അടയാളപ്പെടുത്തുന്നത്. പ്രപഞ്ചത്തിലെ മുഴുവൻ ജീവജാലങ്ങളെയും സഹാനുഭൂതിയോടെയും സമഭാവത്തോടെയും കാണാൻ കഴിയുക എന്നത് പ്രധാനമാണ്. ഇത്തരത്തിലുള്ള ഉയർന്ന മാനവികതയുടെ ഘടകങ്ങൾ ബഷീറിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പാഠഭാഗം വ്യക്തമാക്കുന്നു. നമ്മുടെ പ്രപഞ്ചബോധത്തെയും പരിസ്ഥിതിബോധത്തെയും സ്പർശിക്കുന്ന മാനവികബോധത്തിന്റെ തെളിവായി ഇത് നിലനിൽക്കുന്നു. ഈ മൂന്ന് പാഠഭാഗങ്ങളുടെയും പ്രവേശകത്തിന്റെയും വിനിമയത്തിലൂടെ മാനവികത എന്ന ആശയത്തിന്റെ വിവിധ തലങ്ങൾ ചർച്ച ചെയ്യപ്പെടണം. പാഠഭാഗങ്ങളുടെ വിനിമയത്തിലൂടെ കുട്ടികളിൽ രൂപപ്പെടേണ്ട ആശയങ്ങളും മനോഭാവങ്ങളും നിർണ്ണയിക്കപ്പെടേണ്ടതുണ്ട്. മനുഷ്യന്റെ ഉള്ളിൽ പരിവർത്തനം വരുത്തുവാനും അതുവഴി സമൂഹത്തെ ഉയർന്ന ജനാധിപത്യമൂല്യങ്ങളിലേക്ക് ഉയർത്തുവാനും കഴിയുമ്പോഴാണ് മാനവികബോധത്തിന്റെ മഴവില്ല് ഉള്ളിൽ വിരിയുന്നത്. അതിനു സഹായകമായ പ്രവർത്തനങ്ങളും പ്രക്രിയയും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

# യൂണിറ്റ് വിശകലനം

ക്ലാസ് : 9 യൂണിറ്റ് : 1

| ആശയം/ തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠനലക്ഷ്യങ്ങൾ | | | ഭാഷാ വസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയ ധാരണകൾ | ശേഷികൾ/ നൈപുണികൾ | മൂല്യം/ മനോഭാവം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| മാനവികത | • മാനവികതയും സാഹിത്യവും<br>• മാനവിക മൂല്യങ്ങൾ വളർത്തുന്നതിൽ സാഹിത്യം സുപ്രധാന പങ്കുവഹിക്കുന്നുണ്ട്.<br>• ശാതിർത്തിക്കതീതമായ മാനവസൗഹാർദം കെട്ടിപ്പടുക്കണം.<br>• പലതരത്തിൽ കഷ്ടപ്പെടുന്ന സഹജീവികൾക്കായി ത്യാഗമനസ്ഥിതിയോടെ പ്രവർത്തിക്കണം.<br>• മാനവികമൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനായി നിസ്വാർഥമായി പരിശ്രമിച്ച ധാരാളം വ്യക്തികൾ ഉണ്ട്. | • കഥ<br>• കവിത<br>• ലേഖനം | • മാനവികതയുടെ മഹത്വം വ്യക്തമാക്കുന്ന നിരവധി ചെറുകഥകൾ മലയാളത്തിലുണ്ട്.<br>• മാനവിക പ്രശ്നങ്ങളെ വിമർശനാത്മക വിലയിരുത്തലിന് വിധേയമാക്കി, സ്വന്തം നിരീക്ഷണങ്ങൾ രൂപീകരിച്ച് ഉചിതഭാഷയിൽ ആവിഷ്കരിക്കേണ്ടതെങ്ങനെയെന്ന ധാരണ നേടുക.<br>• വിവിധ സാഹിത്യരൂപങ്ങളിൽ മാനവികത ആവിഷ്കരിച്ചതിലുള്ള വ്യത്യസ്തതകൾ തിരിച്ചറിയുക.<br>• രചനകളിലെ ആസ്വാദനാംശങ്ങൾ (പ്രയോഗഭംഗി, അലങ്കാരം....) അവയ്ക്ക് ഭംഗി പകരുന്നുവെന്ന് | • വിഷയം/പ്രശ്നം വിശകലനം ചെയ്ത് കാര്യകാരണങ്ങൾ, പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് സ്വന്തം ഭാഷയിൽ യുക്തിപൂർവ്വം അവതരിപ്പിക്കുക.<br>• വൈവിധ്യമാർന്ന രചനകൾ ആസ്വദിക്കുകയും (ആസ്വാദ്യഘടകങ്ങൾ, ചമൽക്കാരം, പ്രയോഗഭംഗി, ബിംബകല്പന...) കണ്ടെത്തി വിശദമാക്കുകയും ചെയ്യുക. (ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക)<br>• ഗദ്യഭാഷയിലെ പ്രയോഗങ്ങളെ വിശകലനം ചെയ്ത് സൗന്ദര്യാംശങ്ങൾ തിരിച്ചറിയുന്നു. ഇവ സ്വന്തം രചനകളിൽ | • മാനവിക മൂല്യങ്ങൾ തിരിച്ചറിഞ്ഞ് ജീവിതത്തിൽ പ്രകടിപ്പിക്കുകയും പകർത്തുകയും ചെയ്യുക.<br>• മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വ്യക്തികൾ, ഇതിനായി പ്രവർത്തിക്കുന്ന സംഘടനകൾ എന്നിവയെപ്പറ്റി അറിയുകയും അനുഗുണമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക. | • പദങ്ങളുടെ പ്രയോഗപരമായ സവിശേഷതകൾ തിരിച്ചറിയുന്നു.<br>• കവിതകൾക്ക് ഭാവത്തിന് യോജിച്ച ഈണം നൽകുന്നു. അവ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.<br>• നൂതന സന്ദർഭങ്ങളിൽ ശൈലികൾ, | ചർച്ചാക്കുറിപ്പ്<br>നിരീക്ഷണക്കുറിപ്പ്,<br>പ്രഭാഷണം<br>അനുഭവക്കുറിപ്പ്<br>പ്രതികരണക്കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>ഉപന്യാസം<br>കഥാപാത്രനിരൂപണം<br>ലഘുനാടകം<br>റോൾ | • പഠനപ്രക്രിയകളുടെയും പഠനപ്രവർത്തനങ്ങളുടെയും നിരന്തര വിലയിരുത്തൽ.<br>• രചനകളുടെ വിലയിരുത്തൽ (അനുഭവക്കുറിപ്പ്, പ്രതികരണക്കുറിപ്പ്, വിശകലനക്കുറിപ്പ്, ഉപന്യാസം, കഥാപാത്രനിരൂ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | തിരിച്ചറിയുക.<br>• തെളിവുകൾ, ഉദാഹരണങ്ങൾ എന്നിവ ചൂണ്ടിക്കാണിച്ച് യുക്തിപൂർവം വാദമുഖങ്ങൾ അവതരിപ്പിക്കുക.<br>• കഥാപാത്രത്തിന്റെ രൂപം, ഭാവം തുടങ്ങിയ സവിശേഷതകൾ, ജീവിതവീക്ഷണം, രചനയിലെ സ്ഥാനം തുടങ്ങിയവ നിരൂപണം ചെയ്യുന്നതിനെക്കുറിച്ച് ധാരണ നേടുക. | പ്രയോഗിക്കുക.<br>• മാനവികത വിഷയമായി വരുന്ന സാഹിത്യകൃതികൾ വായിച്ച് ആസ്വദിക്കുക.<br>• കവിതയിലെ സവിശേഷ പ്രയോഗങ്ങൾക്ക് നിയതമായ അർഥതലമുണ്ടെന്ന് തിരിച്ചറിയുകയും പുതിയ സന്ദർഭങ്ങളിൽ അവ പ്രയോഗിക്കുകയും ചെയ്യുക.<br>• ജീവിതപരിസരങ്ങളിലെ വിവിധ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രതികരിക്കുക.<br>• വായിച്ച കൃതികളെ ആസ്പദമാക്കി നാടകം/സംഗീതശില്പം/ റോൾപ്ലേ തുടങ്ങിയവ അവതരിപ്പിക്കുക.<br>• ലേഖനത്തിലെ ആശയം തിരിച്ചറിഞ്ഞ് സമാനാശയമുള്ള മറ്റു കൃതികൾ വായിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക. | • പാരസ്പ ര്യത്തോടെ യുള്ള സാമൂഹ്യ ജീവിത ത്തിന്റെ ഗുണഫല ങ്ങൾ തിരിച്ചറിയുക.<br>• സാമൂഹ്യ തുല്യതയു മായി ബന്ധപ്പെട്ട പ്രവർത്തന ങ്ങളിൽ ഏർപ്പെടുക.<br>• പാർശ്വ വൽക്കരിക്കപ്പെ ട്ടവരെ ജീവിത ത്തിന്റെ മുഖ്യധാരയിലേ ക്ക് കൊണ്ടു വരാനുള്ള പ്രവർത്തനങ്ങളി ൽ ഏർപ്പെ ടുക. | പ്രയോഗ ങ്ങൾ എന്നിവ ഉപയോഗി ക്കുന്നു.<br>• കവിത യുടെ ആസ്വാദ നാംശങ്ങൾ തിരിച്ചറി യുന്നു. (ശബ്ദഭംഗി, അർഥ ഭംഗി, ബിംബ കല്പന) | പ്ലേ | പണം)<br>• പ്രകടന ങ്ങളുടെ വിലയിരു ത്തൽ<br>(വാചികം, റോൾ പ്ലേ, പ്രഭാ ഷണം, ലഘു നാടകം, കവിതാ ലാപനം, ഭാവാ ത്മക വായന) |

## പഠനലക്ഷ്യങ്ങൾ

- കഥ, കവിത, ലേഖനം തുടങ്ങിയ രചനകൾ വായിച്ച് ആസ്വദിക്കുകയും അവയിലെ പ്രമേയം, ജീവിതവീക്ഷണം, ആഖ്യാനശൈലി, ഭാഷ, സമകാലിക പ്രസക്തി എന്നിവ വിലയിരുത്തി ആസ്വാദനം/ നിരൂപണം എന്നിവ തയ്യാറാക്കുക.
- സംവാദങ്ങളിലും ചർച്ചകളിലും പങ്കെടുത്ത് പ്രതിപക്ഷ ബഹുമാനത്തോടെ വാദമുഖങ്ങൾ കേൾക്കുകയും തെളിവുകൾ, ഉദാഹരണങ്ങൾ എന്നിവ സഹിതം സ്വാഭിപ്രായം സമർഥിക്കുകയും ചെയ്യുക.
- വാക്യങ്ങൾ വിശകലനം ചെയ്ത് ഭാഷാപ്രയോഗവ്യവസ്ഥ സംബന്ധിച്ച് നിയമങ്ങൾ തിരിച്ചറിയുകയും അത്തരം നിയമങ്ങൾ ഉൾക്കൊണ്ട് ഭാഷ പ്രയോഗിക്കുകയും ചെയ്യുക.
- പദങ്ങൾ പിരിച്ചും കൂട്ടിച്ചേർത്തും പ്രയോഗിക്കുമ്പോൾ ഭാഷയ്ക്ക് കൈവരുന്ന ഭംഗിയും കരുത്തും വ്യക്തമാക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്ത് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുക.
- വിഷയം/പ്രശ്നം വിശകലനം ചെയ്ത് കാര്യകാരണങ്ങൾ, പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് സ്വന്തം ഭാഷയിൽ യുക്തിപൂർവ്വം അവതരിപ്പിക്കുക.
- വായിച്ച കൃതികളെ ആസ്പദമാക്കി നാടകം / സംഗീതശില്പം / റോൾപ്ലേ തുടങ്ങിയവ അവതരിപ്പിക്കുക.

## പാഠവിശകലനം

പ്രവേശക കവിത

## അഭിമുഖം

കെ. ജി.ശങ്കരപ്പിള്ളയുടെ ശ്രദ്ധേയമായ ഒരു കവിതയാണ് അഭിമുഖം. ആധുനിക കവിതയുടെ സ്വഭാവ വിശേഷങ്ങൾ മിക്കതും ഈ ചെറുകവിത ഉൾക്കൊള്ളുന്നുണ്ട്. ഒരഭിമുഖത്തിൽ കേട്ട ചോദ്യവും അതിനുള്ള മറുപടിയും എന്ന നിലയിലാണ് കവിത ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. കവിതയിലെ ആഖ്യാതാവ് കവിതന്നെ ആകണമെന്നില്ല. ആരോ എന്നോ എഴുതിയിരിക്കാവുന്നത് എന്ന അടിക്കുറിപ്പ് ഇതു വ്യക്തമാക്കുന്നു. സ്വാർഥതയെ ഉയർത്തിപ്പിടിക്കുന്ന ആധുനികമനുഷ്യന്റെ പൊള്ളയായ ജീവിതത്തെയാണ് ഈ കവിത വിമർശനവിധേയമാക്കുന്നത്. നവോത്ഥാനമൂല്യങ്ങൾക്ക് വലിയതോതിൽ പരിക്കുപറ്റിയ കാലമായിരുന്നു ആധുനികതയുടേത്. മുതലാളിത്തം, വ്യവസായവൽക്കരണം, യന്ത്രവൽക്കരണം,തുടങ്ങി നിരവധി ഘടകങ്ങൾ മനുഷ്യന്റെ ജീവിതവീക്ഷണത്തിൽ മാറ്റം വരുത്തി. എല്ലാ ജീവിതമൂല്യങ്ങളെയും തിരസ്കരിച്ചുകൊണ്ട് മുന്നേറുന്ന മനുഷ്യനെയാണ് ഈ ഘട്ടത്തിൽ നാം കണ്ടത്. തന്നെത്തന്നെ ഇഷ്ടപ്പെട്ട്, സ്വന്തം അഭിരുചികളിൽ അഭിരമിച്ച് ജീവിക്കുന്ന സ്വാർഥമതികളുടെ പ്രതിനിധിയാണ് ഈ കവിതയിലെ ആഖ്യാതാവ്. ഈ മനോഭാവം സമൂഹജീവിതത്തിന് ഏല്പിക്കുന്ന ആഘാതം വലുതാണ്. എതിർക്കപ്പെടേണ്ട മനോഭാവത്തിന്റെ പ്രതിനിധിയാണ് ഈ കവിതയിലെ ആഖ്യാതാവ്.

## സുകൃതഹാരങ്ങൾ

മാറുന്ന കാലത്തിന്റെ ഗതിഭേദങ്ങളോട് നിരന്തരം സംവദിച്ച കവിയാണ് കുമാരനാശാൻ. 1922ൽ ദുരവസ്ഥയ്ക്ക് പിന്നാലെ പ്രസിദ്ധീകരിച്ച ഗാനകാവ്യമാണ് ചണ്ഡാലഭിക്ഷുകി. മറ്റൊരർഥത്തിൽ കേരളത്തിലെ ആദ്യത്തെ കഥാകാവ്യം എന്ന് അതിനെ വിളിക്കാവുന്നതുമാണ്.

ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും മലയാളിയുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. അടിസ്ഥാനപരമായി മനുഷ്യരെല്ലാം ഒന്നാകണമെന്നും ഒരേ ഉദരത്തിൽ

നിന്നും പിറന്ന സന്തതികൾ ആണെന്നും സമർഥിക്കുകയാണ് ആശാൻ ഈ രണ്ടു കാവ്യങ്ങളിലൂടെയും ചെയ്യുന്നത്. ജാതിയല്ല ജലമാണ്, ജീവജലമാണ് എക്കാലത്തും പ്രധാനം എന്ന് ആശാൻ ഈ കൃതികളിലൂടെ ദ്യോതിപ്പിക്കുന്നു. ദുരവസ്ഥയുടെ സഹോദരി എന്നാണ് ആശാൻ ചണ്ഡാലഭിക്ഷുകിയെ വിശേഷിപ്പിച്ചിട്ടുള്ളത്. നാല് ഭാഗങ്ങളിലായി 696 വരികളുള്ള ഈ കാവ്യം നളിനി, ലീല, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, കരുണ തുടങ്ങിയ പ്രഖ്യാതകൃതികളിൽ നിന്നും ആഖ്യാനപരമായും ഇതിവൃത്തപരമായും ഉയർന്നു നിൽക്കുന്നു.

പ്രൊഫ. ലക്ഷ്മി നരസുവിന്റെ The Essence of Budhism എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ കൃതിയുടെ മൂലകഥാംശം. മറ്റു കൃതികളെപ്പോലെ നാടകീയമായ തുടക്കമല്ല മറിച്ച് നേരിട്ടുള്ള ആദിമധ്യാന്തപ്പൊരുത്തത്തോടുകൂടിയ ആഖ്യാനരീതിയാണ് ആശാൻ ഈ കാവ്യത്തിൽ പിന്തുടരുന്നത്. സംവാദാത്മകതയാണ് ഈ കാവ്യത്തിന്റെ മറ്റൊരു പ്രത്യേകത. ജാതീയവും മതപരവുമായ അന്ധതകളുടെ വേരറുത്തു കൊണ്ടുള്ള ഈ കൃതിയുടെ ഒരു നൂറ്റാണ്ടുകാലത്തെ നിലനിൽപ്പ് സവിശേഷമായ പ്രാധാന്യം അർഹിക്കുന്നുണ്ട്. ആശാന്റെ സാമൂഹികബോധം, പ്രതിബദ്ധത, പ്രചാരണപരത എന്നിവയ്ക്കൊപ്പം കാവ്യഭംഗിയും തെളിയുന്ന കൃതിയാണ് ചണ്ഡാലഭിക്ഷുകി. ഓരോ വാക്കിലും കവിത സ്ഫുരിക്കുന്ന പ്രതീകാത്മകഘടന കവിതയിൽ കാണാം. കവിതയുടെ ആദ്യഭാഗത്ത് ചിത്രീകരിക്കുന്ന പശ്ചാത്തലവർണ്ണന ഇതിനുദാഹരണമാണ്. ഉണങ്ങിയ പേരാൽ, വഴിക്കിണർ, അത്താണി, ചുമടുതാങ്ങി, തരിശുനിലം ഇതെല്ലാം ജാതിയുടെ വേനലിനെ പ്രതീകവൽക്കരിക്കുകയാണ് ചെയ്യുന്നത്. ജാതിയുടെ പൊള്ളുന്ന വേനലിലേയ്ക്ക് ആനന്ദഭിക്ഷു വന്നുചേരുന്നു. പകർന്നു കൊടുക്കുന്ന കുളിർത്ത തണ്ണീരിന്റെ ഉറവിടമായി മാതംഗി മാറുന്നു. വൈയക്തികമായ അനുരാഗത്തിന്മേൽ ലോകാനുരാഗം എത്രമേൽ എപ്രകാരം പ്രസക്തമാകുന്നു എന്ന് ആശാൻ ചണ്ഡാലഭിക്ഷുകിയിലൂടെ സമർഥിക്കുന്നു.

**'ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,**
**ചോദിക്കുന്നു നീർ നാവുവരണ്ടഹോ'**

ഇതാണ് ഈ കാവ്യത്തിന്റെ കേന്ദ്രപ്രമേയം. ഈ വരികളുടെ ആന്തരാർഥത്തിന് ഏറെ പ്രസക്തിയുണ്ട്. വർത്തമാനകാലത്ത് നമ്മുടെ സമൂഹശരീരവും മനസ്സും ജാതിമതാന്ധതയാൽ വരണ്ടുപോകുന്നു എന്ന തോന്നലുണ്ടാകുമ്പോൾ ഈ കാവ്യത്തിന്റെ പ്രസക്തി വർദ്ധിക്കുകയാണ്.

1907ൽ 'വീണപൂവി'ൽ തുടങ്ങി ആധുനിക മനുഷ്യാവസ്ഥയുടെ ഭിന്നപ്രകാരങ്ങളും അവയെ മുൻനിർത്തിക്കൊണ്ട് സാമൂഹികനീതിയെ സാക്ഷാത്കരിക്കാനുള്ള ഭാവാത്മകമായ ഇടപെടലുമാണ് ചണ്ഡാലഭിക്ഷുകി'.

ആശാന്റെ സ്നേഹസങ്കൽപ്പത്തിന് എക്കാലത്തും കീർത്തികേട്ട വരികൾ ചണ്ഡാലഭിക്ഷുകിയിലേതാണ്.

"സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു.
സ്നേഹം താൻ ശക്തിജഗത്തിൽ-സ്വയം
സ്നേഹം താനാനന്ദമാർക്കും.
സ്നേഹം താൻ ജീവിതം ശ്രീമൻ-സ്നേഹ-
വ്യാഹതി തന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ-സ്വർഗ-
ഗേഹം പണിയും പടുത്വം"

എന്ന വരികൾ ഉരുവിടാത്തവരായി കേരളത്തിൽ ആരുംതന്നെ ഉണ്ടാവില്ല.

മാതംഗി പകരുന്ന കുടിനീരിലെ ഓരോ തുള്ളിയും ധന്യതയുടെ ഹാരങ്ങളുമായി മാറുന്നു. അത് മാതംഗിയുടെ മനസ്സിൽ സദ്പ്രവൃത്തിയുടെ കുളിർമ്മ നല്കുന്നു. ആശാന് കവിത സാമൂഹികപരിവർത്തനത്തിനുള്ളതുമാണ്. മാനവികത പലതരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന വർത്തമാനകാലത്ത് ആശാൻ

കൃതികൾ ആവർത്തിച്ച് വായിക്കപ്പെടേണ്ടതുണ്ട്. ഈ തിരിച്ചറിവ് പകരുന്ന വിധത്തിൽ ചണ്ഡാലഭിക്ഷുകിയിലെ സുകൃതഹാരം എന്ന ഭാഗത്തിന്റെ വായനയും ആസ്വാദനവും നടക്കുന്നുവെന്ന് ഉറപ്പാക്കണം.

## യൂണിറ്റ് മുന്നൊരുക്കങ്ങൾ

ഓരോ യൂണിറ്റിലും വിഭാവനം ചെയ്ത പഠനപ്രവർത്തനങ്ങൾ കൃത്യമായും സൂക്ഷ്മമായും സമയബന്ധിതമായും ആസൂത്രണം ചെയ്യണം. ആസൂത്രണത്തിന്റെ വിജയത്തിനായി ചില മുന്നൊരുക്കങ്ങൾ നടത്തണം. ഉദാഹരണമായി ഒന്നാം യൂണിറ്റിലെ മൂന്നാം പാഠഭാഗത്തിൽ പാത്തുമ്മായുടെ ആട് എന്ന നോവലിനെക്കുറിച്ചുള്ള പഠനം ആണല്ലോ .ഈ നോവൽ കുട്ടികളെല്ലാം ആസ്വദിക്കേണ്ടതുണ്ട്. അതിനായി എല്ലാ കുട്ടികൾക്കും പുസ്തകം ലഭ്യമാക്കണം. എല്ലാവർക്കും പുസ്തക ലഭ്യത ഉറപ്പുവരുത്തുവാൻ എന്തെല്ലാം ചെയ്യാൻ കഴിയും ?

സ്കൂൾ ലൈബ്രറിയിലും ക്ലാസ്സ് ലൈബ്രറിയിലും പ്രാദേശിക ലൈബ്രറികളിലും യൂണിറ്റിന്റെ തീമു (പ്രമേയം) മായി ബന്ധപ്പെട്ട കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യണം.

വിദ്യാർഥികൾക്ക് തങ്ങളുടെ പ്രദേശത്തെ ലൈബ്രറികളിൽ അംഗത്വമെടുക്കാനുള്ള അവസരം ഒരുക്കണം. പ്രാദേശിക ലൈബ്രറികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം. ഈ വായനപ്രവർത്തനം അവരുടെ വായനാലോകത്തെ വിപുലപ്പെടുത്തും. ക്ലാസ് മുറിയിൽ യൂണിറ്റുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന തീമാറ്റിക് ലൈബ്രറി വായനയെ സജീവമാക്കും. സ്വതന്ത്രമായ വായനയെ പരിപോഷിപ്പിക്കുകയും ചെയ്യും.

എല്ലാ ദിവസവും ഇടവേളകളിൽ'പാത്തുമ്മായുടെ ആടി'ന്റെ ഖണ്ഡശ്ശ വായന നടത്താം. ഇത്തരത്തിലുള്ള ഭിന്ന വായനകൾ കോർത്തിണക്കി ഡിജിറ്റൽ ഓഡിയോ ബുക്ക് നിർമ്മിച്ച് ക്ലാസ് ഓൺലൈൻ ഗ്രൂപ്പുകളിൽ നൽകാം. പ്രസ്തുത പാഠഭാഗം വിനിമയം ചെയ്യേണ്ട സമയമാവുമ്പോഴേക്കും നോവലിന്റെ വായനയും ആസ്വാദനവും പൂർത്തിയാവും. ഇത് പഠനപ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദവും രസകരവും ആക്കും.

ബഷീർദിന പരിപാടികളുടെ ആസൂത്രണവും ഇതോടനുബന്ധിച്ച് നടത്താം. തീമാറ്റിക് ലൈബ്രറിയുടെ ഭാഗമായി കുട്ടികൾ വായിക്കുന്ന പുസ്തകങ്ങളുടെ വായനക്കുറിപ്പുകൾ ഭാഷാപഠന രേഖയിൽ ചേർക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ വായനക്കുറിപ്പുകളിൽ മികച്ചവ തിരഞ്ഞെടുത്തു ഡിജിറ്റൽ പതിപ്പുകളും തയ്യാറാക്കാം. സർഗാത്മകമായ വായനയുടെ വലിയ സാധ്യതകളാണ് ഈ പ്രവർത്തനം തുറന്നിടുക. ആസ്വാദനപ്പതിപ്പിന്റെ പ്രകാശനവും അനുസ്മരണവും നടത്താനും സാധിക്കും.

## പഠനപ്രവർത്തനവും പ്രക്രിയയും

### പ്രവേശക പ്രവർത്തനം :

അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കൽ [യാത്രകൾ / വായന /ക്യാമ്പുകൾ .... ]

- **ഈ അനുഭവങ്ങൾ എന്നേക്കും ഓർമ്മിക്കാനായി എങ്ങനെയെല്ലാമാണ് രേഖപ്പെടുത്തി സൂക്ഷിച്ചത് ?**

  ഫോട്ടോ /വീഡിയോ/ ഡയറി

- **ഈ സന്ദർഭങ്ങളിൽ യാത്രകളിൽ സെൽഫി എടുത്തിരുന്നുവോ?**

- **സെൽഫി എടുക്കുവാൻ ആളുകൾക്ക് കൂടുതൽ താൽപര്യമുണ്ടോ? എന്തായിരിക്കും കാരണം ?**

  ചർച്ച തുടർന്ന്

**? പ്രവേശകത്തിലെ സെൽഫിചിത്രം നമ്മോട് പറയുന്നത് എന്താണ് ?**

ചോദ്യം ഉന്നയിക്കുന്നു. ചർച്ച.

**? അഭിമുഖം എന്ന കവിത പങ്കുവയ്ക്കുന്നത് ഇതേ ആശയമാണോ?**

**? ചിത്രത്തിലും കവിതയിലും പ്രകടമാകുന്ന മനോഭാവത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ് ?**

**? അത്തരം മനോഭാവം സമൂഹത്തിന് ഗുണകരമാണോ?**

ചർച്ച

## ക്രോഡീകരണം

- സാമൂഹ്യനിരപേക്ഷമായ മനോഭാവം വ്യക്തികളിൽ ശക്തിപ്പെടുന്നു.
- അത് ആത്യന്തികമായി വ്യക്തിയെയും സമൂഹത്തെയും പലതരത്തിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട്.
- സ്വയം പ്രദർശന വ്യഗ്രത വർദ്ധിക്കുകയും സ്വന്തം അഭിരുചികളിലേക്കും താൽപര്യങ്ങളിലേക്കും വ്യക്തികൾ ചുരുങ്ങിപ്പോവുകയും ചെയ്യുന്നു. അത് സാമൂഹികജീവിതം സംഘർഷം നിറഞ്ഞതാക്കുന്നു.
- ഉപരിപ്ലവമായ സൗഹൃദങ്ങൾ പെരുകുന്നു. മനുഷ്യജീവിതങ്ങൾ പൊള്ളയായിത്തീരും.
- അവനവനോട് മാത്രമായുള്ള സ്നേഹത്തെ ആവിഷ്കരിക്കുകയാണ് കവി.
- ഡിജിറ്റൽ ആത്മരതികൂടിയാണ് ചിത്രത്തിലൂടെ വിനിമയം ചെയ്യുന്നത്.

### നാർസിസം

ഒരു വ്യക്തിക്ക് തന്നോട് തന്നെ തോന്നുന്ന അതിരുകവിഞ്ഞ ആരാധനയാണ് നാർസിസം ഗ്രീക്ക്പുരാണത്തിലെ നാർസിസസ് എന്ന കഥാപാത്രത്തിൽ നിന്നാണ് ഈ പദത്തിന്റെ ഉൽപത്തി. തടാകത്തിലെ കണ്ണാടി പോലെ തെളിഞ്ഞ വെള്ളത്തിൽ സ്വന്തം മുഖസൗന്ദര്യത്തിൽ മതിവരാതെ നോക്കിയിരുന്ന നാർസിസ്സ് വെള്ളത്തിൽ വീണ് മരണമടയുകയും മഞ്ഞയും വെള്ളയും നിറങ്ങൾ ഉള്ള പുഷ്പങ്ങളായി മാറുകയും ചെയ്തു എന്നാണ് കഥ. ഈ കഥയ്ക്ക് മറ്റുതരത്തിലുള്ള ഒട്ടേറെ പാഠാന്തരങ്ങൾ ഉണ്ട്.

കവിതയുടെ ആശയം ഉൾക്കൊണ്ട് കുറിപ്പ് തയ്യാറാക്കുന്നു.

പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു.

മികച്ചവ അവതരിപ്പിക്കുന്നു.

> അവരവരിൽ നിന്നുള്ള ഇറങ്ങി നടത്തം.
>
> അനുഭവങ്ങളിൽ നിന്ന് അറിവിന്റെ തെളിനീരുറവകൾ.

വാക്യം സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

**? ഈ വാക്യങ്ങളുടെ പൊരുൾ എന്താണ് ?**

വ്യക്തിഗതമായി കുറിച്ച് അവ അവതരിപ്പിക്കുന്നു.

## ക്രോഡീകരണം

- സ്വാർഥത വെടിഞ്ഞ് സമൂഹത്തിനായി പ്രവർത്തിക്കാനുള്ള സന്നദ്ധത.
- സാമൂഹിക ജീവിതമാണ് മനുഷ്യന് ആഴമുള്ള അനുഭവങ്ങളും തിരിച്ചറിവുകളും നൽകുന്നത്.
- മാനവികത എന്ന വിശാലമായ കാഴ്ചപ്പാട് രൂപപ്പെടുന്നത് അങ്ങനെയാണ്.
- അനുഭവമാണ് അറിവായിത്തീരുന്നത്.

**? അനുഭവങ്ങൾ അറിവിന്റെ തെളിനീര് ഉറവകൾ ആയി മാറുന്നത് എങ്ങനെ ?**

സുകൃതഹാരങ്ങൾ എന്ന കവിത വായിക്കുന്നു.

കവിതയ്ക്ക് ഈണം കണ്ടെത്താൻ നിർദേശിക്കുന്നു.

കണ്ടെത്തിയ ഈണങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു മികച്ചത് കണ്ടെത്തുന്നു.

അവതരണം. മികവിന്റെ കാരണങ്ങൾ - ചർച്ച.

കവിതയുടെ വ്യത്യസ്തമായ ഈണത്തിലുള്ള ആലാപനങ്ങൾ കേൾപ്പിക്കുന്നു.

കവിതയ്ക്ക് ഏറ്റവും യോജിച്ച ഈണം കണ്ടെത്തി കവിത സ്വയം ചൊല്ലി ആസ്വദിക്കുന്നു.

## കണ്ടെത്താം അവതരിപ്പിക്കാം

ചണ്ഡാലഭിക്ഷുകിയുടെ പാഠഭാഗത്തിനുമുമ്പുള്ള കഥ അധ്യാപിക വ്യത്യസ്ത തന്ത്രങ്ങളിൽ അവതരിപ്പിക്കുന്നു. (ചണ്ഡാലഭിക്ഷുകി കഥാപ്രസംഗം, നൃത്തശില്പം തുടങ്ങിയവയും പ്രയോജനപ്പെടുത്താവുന്നതാണ്.)

**? കവിതാഭാഗത്തെ കഥാപാത്രങ്ങൾ ആരെല്ലാം ?**

**? ഉള്ളടക്കം എന്താണ് ?**

**? പ്രധാന ആശയങ്ങൾ എന്തെല്ലാം ?**

- ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.
- കവിത വായിച്ച് കുട്ടികൾ പ്രതികരിക്കുന്നു.

**? ഇത്രമാത്രമാണോ കവി പറഞ്ഞിട്ടുള്ളത് ?**

**? മറ്റെന്തെല്ലാം കാര്യങ്ങൾ കൂടി പറഞ്ഞിട്ടുണ്ട് ?**

അവ കണ്ടെത്താനായി കവിത സൂക്ഷ്മമായി വിശകലനം ചെയ്യുന്നു.

വിശകലനചോദ്യങ്ങൾ ഗ്രൂപ്പിൽ നൽകുന്നു.

### വിശകലനചോദ്യങ്ങൾ

**? ഭിക്ഷു ദാഹജലം ചോദിച്ചപ്പോൾ മാതംഗി അമ്പരന്നതിന്റെ കാരണം എന്താവാം?**

**? അവൾ 'നീചനാരി'എന്ന് സ്വയം വിശേഷിപ്പിച്ചത് എന്തുകൊണ്ടാവും?**

**? മാതംഗിയോട് കുടിനീർ മാത്രമാണ് താൻ ചോദിക്കുന്നത് എന്ന് ഭിക്ഷു പറയുന്നതിന്റെ പൊരുൾ എന്തായിരിക്കും?**

**? ഭിക്ഷുവിന്റെ മറുപടി കേട്ട് മാതംഗി നിശബ്ദയായതിന്റെ കാരണം എന്താവും?**

- "കൃപാരസമോഹനം കുളിർ തണ്ണീര് "- ഈ പ്രയോഗം കൊണ്ട് ഭിക്ഷു വ്യക്തമാക്കുന്നത് എന്തെല്ലാം?
- ഭഗിനി, സഹോദരി എന്നിങ്ങനെ ആര്യനായ ഭിക്ഷു വിളിച്ചപ്പോൾ ചണ്ഡാലിയുടെ മനസ്സിൽ ഉണർന്ന ചിന്തകൾ എന്തെല്ലാമായിരിക്കും?

ഓരോ ഗ്രൂപ്പും ചർച്ചചെയ്ത് വിശദാംശങ്ങൾ കണ്ടെത്തുന്നു. ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

## ക്രോഡീകരണം

- ആര്യനായ ഭിക്ഷു നീചനാരിയായി സമൂഹം കരുതിയിരുന്ന ചാമർജാതിയിൽപ്പെട്ട തന്നോട് ദാഹജലം ചോദിച്ചതിനാലാണത്. ശുദ്ധരെന്ന് കരുതുന്നവരെ അധഃകൃതരാക്കപ്പെട്ടവർ തീണ്ടിയാൽ പാപം ഉണ്ടാകും എന്ന ഭീതിയും അവൾക്കുണ്ട്.
- ഭിക്ഷു ആര്യനാണെന്ന് മനസ്സിലാക്കിയതിനാലാണ് സ്വന്തം ജാതി പറഞ്ഞു പരിചയപ്പെടുത്തുന്നത്. ജാതിചിന്തയ്ക്കും അതുണ്ടാക്കിയ അയിത്തചിന്തയ്ക്കും സമൂഹത്തിൽ ഉണ്ടായിരുന്ന പ്രാമാണ്യം.
- മനുഷ്യരെല്ലാം ഒരു ജാതിയിൽപ്പെട്ടവരാണെന്ന് ബുദ്ധഭിക്ഷുക്കൾ വിശ്വസിക്കുന്നു. മാതംഗിക്ക് ജാതിയുടെ വ്യഥ ബോധ്യപ്പെടുന്നു. അവളെ സഹോദരിയായി കാണുന്നു. ഉപാധികളില്ലാത്ത മനുഷ്യസാഹോദര്യമാണ് ഇവിടെ തെളിയുന്നത്.
- മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്കും മാനുഷികമൂല്യങ്ങൾക്കും മേലെയല്ല ജാതിചിന്തയും അയിത്തചിന്തയും എന്ന് അവൾ തിരിച്ചറിയുന്നു. തന്നെ സഹോദരിയായി കരുതുന്ന ഭിക്ഷുവിന്റെ അല്ലൽ തീർക്കേണ്ടത് തന്റെ കടമയാണെന്ന് അവൾ കരുതുന്നുണ്ടാവണം.
- കൊടിയ ചൂടിനും ദാഹത്തിനും ശമനം ഉണ്ടാക്കുന്നു. സമഭാവനയുടെയും, മാനവികതയുടെയും അടയാളമാണ് കുളിർജലം. ഭിക്ഷ കൊടുക്കൽ കാരുണ്യവും.
- ഗ്രാമത്തിന്റെ പുറത്ത് വസിക്കുന്ന ചണ്ഡാലജാതിയിൽപ്പെട്ടവളായിട്ടും ഭഗിനി, സോദരി എന്നിങ്ങനെ സ്നേഹാർദ്രമായി സംബോധന ചെയ്ത ഭിക്ഷുവിനോട് സ്നേഹവും ആദരവും ആരാധനയും തോന്നും. ഭിക്ഷുവിന്റെ വാക്കുകൾ അവളുടെ ഉള്ളിൽ കാരുണ്യവും സാഹോദര്യവും ഉണർത്തുന്നു.

"അല്ലല്ലെന്തു കഥയിതു കഷ്ടമേ
അല്ലലാലങ്ങു ജാതി മറന്നിതോ?"

വരികൾ എഴുതിയ സ്ലൈഡ് പ്രദർശിപ്പിക്കുന്നു. മാതംഗി ഇങ്ങനെ ചോദിക്കുന്നത് എന്തുകൊണ്ടാവും ?

വ്യക്തിഗതമായി കുറിക്കുന്നു.

[വായനയിലും ആശയരൂപീകരണത്തിലും എഴുത്തിലും പ്രയാസമുള്ള കുട്ടികൾക്ക് വായിച്ചും ലഘു ചോദ്യങ്ങൾ ഉന്നയിച്ചും ആവശ്യമായ പിന്തുണ നൽകുന്നു.]

4 / 5 പേർ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു .

ഒരോ ഗ്രൂപ്പും നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

പ്രധാനാശയങ്ങൾ ബോർഡിൽ / ചാർട്ടിൽ കുറിക്കുന്നു.

## ക്രോഡീകരണം

- കൊടിയദാഹത്താൽ ഭിക്ഷു ജാതിനിയമങ്ങൾ മറന്നുപോയോ എന്നാണ് മാതംഗി ആശങ്കപ്പെടുന്നത്.
- അക്കാലത്ത് ജാതീയമായ അടിമത്തചിന്ത ശക്തമായിരുന്നു എന്ന് ഈ വാക്കുകൾ ധ്വനിപ്പിക്കുന്നു.
- ഏത് ദുഃഖത്തിലും ദുരിതത്തിലും ജാതിധർമ്മം മറക്കാൻ പാടില്ലായിരുന്നു. എല്ലാത്തിനേക്കാളും വലുതാണ് ജാതി എന്ന് ഭിക്ഷുവിനെ ഓർമ്മിപ്പിക്കുകയാണ്.
- പാരമ്പര്യവിശ്വാസത്തിൽ നിന്നും ഉണ്ടാകുന്ന പാപബോധമാണ് മാതംഗിയിൽ കാണുന്നത്.
- ജാതിഭേദ ചിന്താബോധവും ഇല്ലാതാക്കിയത് ബുദ്ധദർശനമാണ്.

ചോദ്യത്തിന്റെ ഉത്തരം വ്യക്തിഗതമായി തയ്യാറാക്കുന്നു.

വിലയിരുത്തൽ സൂചകങ്ങൾ ചർച്ചയിലൂടെ രൂപീകരിക്കുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ

- കാവ്യസന്ദർഭം ഉൾക്കൊണ്ടിട്ടുണ്ട്.
- മാതംഗിയുടെ ചോദ്യത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ സമർഥിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം കൈമാറി വിലയിരുത്തുന്നു. മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ നൽകുന്നു. മികച്ച ഏതാനും കുറിപ്പുകൾ അവതരിപ്പിക്കുന്നു.

സ്വന്തംരചനയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്താൻ അവസരം നൽകുന്നു.

## തുടർപ്രവർത്തനം :

ഭിക്ഷുവിന് കുടിനീർ പകർന്നു നൽകിയ മാതംഗിയുടെ ജീവിതത്തിൽ പിന്നീടുണ്ടായ പരിവർത്തനങ്ങൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

(കൃതിയുടെ വായന, കഥാസംഗ്രഹവായന, ഓഡിയോ, വീഡിയോ, കഥ, പ്രസംഗം, നൃത്തശില്പം എന്നിവ പ്രയോജനപ്പെടുത്താം.)

## പ്രയോഗഭംഗി കണ്ടെത്താം

തുടർപ്രവർത്തനമായി നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 'ചണ്ഡാലഭിക്ഷുകി'യുടെ കഥ കുട്ടികൾ ചുരുക്കി അവതരിപ്പിക്കുന്നു. അധ്യാപിക ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.

തുടർന്ന് ചണ്ഡാലഭിക്ഷുകിയെ അവതരിപ്പിച്ച വരികൾ കണ്ടെത്താൻ നിർദേശിക്കുന്നു.

കുട്ടികൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു.

- തൂമതേടുംതൻ ............. കോരി നിന്നീടിനാൾ
- അല്ലല്ലെന്തുകഥയിതു... ഞാൻ
- പിന്നെത്തർക്കം ... മൈക്കണ്ണിയാൾ
- ചോരച്ചന്തളിരഞ്ചു... പോലെ
- അന്തമറ്റ സുകൃതഹാരങ്ങൾ............. അർപ്പിക്കുന്നുണ്ടാവാം

ഓരോ ഭാഗവും നാല് അഞ്ച് പേർ വീതമുള്ള രണ്ട് ഗ്രൂപ്പുകൾക്ക് നൽകുന്നു. ഓരോ ഗ്രൂപ്പും ചർച്ചചെയ്ത് ചണ്ഡാലഭിക്ഷുകിയെ വർണ്ണിച്ചതിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.

പ്രധാന ആശയങ്ങൾ കുറിച്ച് അവതരിപ്പിക്കുന്നു.

അധ്യാപിക പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

കറ്റക്കാർകൂന്തൽ മൂടിത്തലവഴി ... ചെറ്റുവിടർത്തവൾ

**? ഈ വർണ്ണനയ്ക്ക് ഭംഗി പകരുന്ന ഘടകങ്ങൾ എന്തെല്ലാം ?**

- ഇടതൂർന്ന കറുത്ത തലമുടി മൂടിക്കൊണ്ട് ശിരസ്സിലൂടെ മുഖത്തെ മറച്ചുകൊണ്ട് കിടക്കുന്ന മനോഹരമായ സാരി ഒതുക്കി വെച്ചിട്ട് ചെറുചിരിയോടെ നിൽക്കുന്ന മാതംഗിയെയാണ് വർണ്ണിക്കുന്നത്.
- മാതംഗിയുടെ രൂപഭാവചലനങ്ങൾ അതിസൂക്ഷ്മമായി വാക്കുകൾ കൊണ്ട് വരച്ച ചിത്രമായി.
- അന്യപുരുഷന്മാരോട് മുഖം മറച്ചേ സംസാരിക്കാവൂ എന്ന പഴയ ആചാരരീതിയും സൂചിതമാകുന്നു. ആദ്യമായി പരിചയപ്പെടുമ്പോൾ ഉണ്ടാകുന്ന ലജ്ജ കലർന്ന സൗഹൃദഭാവമാണ് ചെറുചിരിയിൽ തെളിയുന്നത്.

**? ഇത്തരത്തിലുള്ള വാങ്മയചിത്രങ്ങൾ കവിതയിൽ വേറെയുണ്ടോ ?**

ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു.

കാവ്യസന്ദർഭത്തിലെ ചില സവിശേഷപ്രയോഗങ്ങൾ എഴുതിയ നറുക്കുകൾ ഓരോരുത്തർക്കും നൽകുന്നു.

* തൂമ തേടും തൻ പാള
* തന്വിയാണവൾ കല്ലല്ലിരുമ്പല്ല.
* വിസ്ഫാരിതതാര .
* ശുദ്ധ കണ്ണാടികാന്തി ചിതറും നീർ
* അന്തമറ്റ സുകൃതഹാരങ്ങൾ

**? കാവ്യഭാഷയ്ക്ക് ഭംഗി കൂട്ടുന്നതിൽ ഇത്തരം പ്രയോഗങ്ങൾ എത്രത്തോളം സഹായിക്കുന്നുണ്ട് ?**

ഓരോരുത്തരും ലഭിച്ച സവിശേഷപ്രയോഗം സന്ദർഭവുമായി ബന്ധിപ്പിച്ച് അതിന്റെ അർഥതലങ്ങൾ കണ്ടെത്തി കുറിക്കുന്നു.

ഒരേ പ്രയോഗം കിട്ടിയവർ ഗ്രൂപ്പാകുന്നു.

ചർച്ചചെയ്ത് പ്രയോഗത്തിന്റെ സൗന്ദര്യതലവും അർഥവ്യാപ്തിയും കണ്ടെത്തുന്നു.

ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

പ്രധാനാശയങ്ങൾ ചാർട്ടിൽ കുറിക്കുന്നു. ക്രോഡീകരിക്കുന്നു.

- കിണറിൽ നിന്നും വെള്ളംകോരുന്ന മാതംഗിയുടെ ചലനങ്ങൾ സൂക്ഷ്മമായി അവതരിപ്പിക്കുന്നു. തൂമതേടൽ പാളയ്ക്കും മാതംഗിക്കും ഉണ്ട്. അവൾ സുന്ദരിയാണ്, അവൾ ഉപയോഗിക്കുന്ന വസ്തുക്കളും സുന്ദരമാണ്. കിണറിൽ നിന്ന് ജലം തേടിപ്പോകുന്ന പാളയും സ്നേഹമാകുന്ന ജലം തേടി പോകുന്ന മാതംഗിയും സൂചിതമാകുന്നു.
- കൃപാരസമോഹനം കുളിർ തണ്ണീരിതാശു നീ

  ബുദ്ധഭിക്ഷുക്കൾ ആഹാരപാനീയങ്ങൾ ഭിക്ഷയായി സ്വീകരിക്കുന്നവരാണ്.

ഭിക്ഷകൊടുക്കൽ കാരുണ്യമാണ്. മാതംഗിയുടെ ഉള്ളിലുള്ള കൃപാരസം ആനന്ദഭിക്ഷുവിന്റെ ദാഹം ശമിപ്പിക്കുമെന്ന് സൂചന. കാരുണ്യം ബുദ്ധദർശനത്തിന്റെ അടിസ്ഥാനഭാവമാണ്.

ബുദ്ധകാരുണ്യം മാതംഗിയുടെ ദാഹവും ശമിപ്പിക്കുമെന്ന് സൂചനയും ഇവിടെയുണ്ട്.

നീചനാരി ആയതിനാൽ ഉയർന്ന ജാതിക്കാർക്ക് അശുദ്ധി ഉണ്ടാവാതെ നോക്കേണ്ടത് അവരുടെ കർമ്മമാണ്. അങ്ങനെ കരുതാതെ തന്നോട് കാരുണ്യം കാണിക്കണം എന്നാണ് ഭിക്ഷു ആവശ്യപ്പെടുന്നത്.

വിശക്കുന്നവർക്കും ദാഹിക്കുന്നവർക്കും ആഹാരപാനീയങ്ങൾ നൽകുന്നവളായ സ്ത്രീ അചേതന മല്ല; ചേതനയുള്ളവളാണ്. ഭിക്ഷുവിന്റെ ദാഹം ജലം പകർന്ന് ശമിപ്പിക്കാൻ തീരുമാനിച്ചു എന്ന് സൂചന.

ആര്യൻ നീചനാരിയിൽ നിന്നും ജലം വാങ്ങി കുടിക്കുക എന്നത് അവിശ്വസനീയമാണ്. അതാണ് വിസ്മയമാർന്നതിനു കാരണം. വിസ്മയം കൊണ്ട് വിടർന്ന അവളുടെ കണ്ണുകൾ നക്ഷത്രം പോലെ പ്രകാശിച്ചു. സ്നേഹത്തിന്റെ ആത്മപ്രകാശത്താലാവും കണ്ണുകൾ തിളങ്ങിയത്. ഭിക്ഷുവിന്റെ സഹോദര്യവും സമത്വവും തുടിക്കുന്ന വാക്കുകൾ അവരുടെ ഉള്ളിൽ ഉണർത്തിയ പ്രകാശമാണ് കണ്ണുകളിൽ തിളങ്ങുന്നത്.

- **ചോരച്ചെന്തളിരഞ്ചു മരുണാംശു ..................... നിൽക്കും പോലെ**

ചെന്തളിരിനേക്കാൾ ഭംഗിയുള്ള മേനി സൂര്യരശ്മികളാൽ മൂടി, പ്രഭാതത്തിൽ അല്ലി കാട്ടി നിൽക്കുന്ന താമരയെ പോലെയാണ് വിടർന്ന ചിരിയോടെ നിൽക്കുന്ന മാതംഗിയെ കവി വർണ്ണിച്ചിരിക്കുന്നത്. സൂര്യരശ്മികൾ ഏൽക്കുമ്പോൾ താമരയിലുണ്ടാകുന്ന ഭാവവ്യത്യാസം (വിടരലും പ്രകാശിക്കലും) ആനന്ദഭിക്ഷുവിന്റെ സാമീപ്യത്താലും പരിഗണനയാലും മാതംഗിയിൽ ഉണ്ടായി. ചുവന്നു തുടുത്ത കൈക്കുമ്പിൾ നീട്ടി ദാഹജലത്തിനായി നിൽക്കുന്ന ഭിക്ഷുവിനെയാണ് ഇവിടെ വണ്ടായി സങ്കൽപ്പിച്ചിരിക്കുന്നത്. ബുദ്ധഭിക്ഷുവിന്റെ സാമീപ്യവും വാക്കുകളും സൃഷ്ടിച്ച ഭാവചലനങ്ങൾ ആണ് ഈ മനോഹരമായ സാദൃശ്യകല്പനയിൽ തെളിയുന്നത്.

- **പാളയിൽ/ചിന്നി നിന്നു... ശുദ്ധക്കണ്ണാടിക്കാന്തി ചിതറും നീർ**

പാളയിൽ നിന്നും ഭിക്ഷുവിന്റെ കൈക്കുമ്പിളിലേക്ക് കണ്ണാടി പോലെ തെളിഞ്ഞ ശുദ്ധജലം പകരുന്ന ചിത്രമാണിത്. തുള്ളികൾ ചേർന്ന പ്രവാഹത്തിന്റെ മനോഹരമായ ചിത്രം. ഓരോരോ തുള്ളികൾ ചേർന്നതാണ് പ്രവാഹം. പ്രവാഹത്തിൽ തരതമഭേദങ്ങളില്ല.

- **പുണ്യശാലിനീ**

മാതംഗിയുടെ കാരുണ്യപൂർണമായ പ്രവൃത്തിയാണ് പുണ്യശാലിനി എന്ന് വിശേഷിപ്പിക്കാൻ കാരണം. ജലം പുണ്യവുമായി ബന്ധപ്പെട്ടതാണ്. ജലാശയങ്ങളെ പുണ്യതീർഥങ്ങൾ എന്ന് വിളിക്കാറുണ്ടല്ലോ. ഓരോരോ തുള്ളിയും ഓരോരോ മുത്തുകൾ ആയിത്തീരുന്നു. അവസാനം ഇല്ലാത്ത സത്പ്രവൃത്തിയുടെ ഹാരങ്ങളായി മാറി നിന്ന് ആത്മാവിൽ വീഴുന്നുണ്ടാവും. അവളുടെ മനസ്സിൽ ഉണ്ടാകുന്ന വലിയ പരിവർത്തനം ധ്വനിപ്പിക്കുന്നു.

? **ഇത്തരത്തിൽ, ദാഹിച്ചും വിശന്നും തളർന്നും വളർന്നുവലഞ്ഞവർക്ക് വെള്ളവും ഭക്ഷണവും നൽകിയിട്ടുണ്ടോ?**

? **കിളികൾ ഉൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് വേനൽക്കാലത്ത് കുടിനീർ നൽകാറുണ്ടോ?**

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കുട്ടികളിലെ കാരുണ്യമാർന്ന പ്രവൃത്തികൾക്ക് പ്രചോദനം നൽകുന്ന വിധത്തിൽ ചർച്ച ക്രോഡീകരിക്കാവുന്നതാണ്. [ തേന്മാവ് എന്ന ബഷീർക്കഥയിലെ തളർന്ന് അവശനായ വൃദ്ധൻ തനിക്ക് ലഭിച്ച ദാഹജലത്തിൽ നിന്ന് വലിയൊരു പങ്ക് വാടിത്തളർന്ന തേന്മാവിന് പകരുന്ന ദൃശ്യം അവരുടെ ശ്രദ്ധയിൽപ്പെടുത്താം.]

കവിതാഭാഗത്തെ പ്രയോഗങ്ങളുടെയും വാങ്മയചിത്രങ്ങളുടെയും ഭംഗി വർണ്ണിച്ച് കുറിപ്പ് തയ്യാറാക്കുക.

## വിലയിരുത്തൽ സൂചകങ്ങൾ ചർച്ചയിലൂടെ രൂപീകരിക്കുന്നു.

- വാങ്മയചിത്രങ്ങളും പ്രയോഗങ്ങളും കണ്ടെത്തിയിട്ടുണ്ട്
- അവ കാവ്യസന്ദർഭത്തിന് പകരുന്ന ഭംഗി വിശകലനം ചെയ്തിട്ടുണ്ട്.
- ആശയവ്യക്തതയോടെ സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

സ്വയം /പരസ്പരം വിലയിരുത്തുന്നു. മികച്ചവ അവതരിപ്പിക്കുന്നു.

തുടർപ്രവർത്തനം : പാഠഭാഗത്തെ വാങ്മയചിത്രങ്ങൾ കണ്ടെത്തി വർണ്ണനാഭംഗി വിവരിക്കുക.

## പ്രഭാഷണം തയ്യാറാക്കാം

**യുഗപുരുഷൻ** എന്ന സിനിമയിലെ ജാതിവ്യവസ്ഥയുടെ പേരിലുള്ള ക്രൂരമായ ആക്രമണത്തിന്റെ രംഗം വീഡിയോ പ്രദർശിപ്പിക്കുന്നു.

ഈ രംഗം നാടിന്റെ ഇന്നലെകളെക്കുറിച്ച് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം ?

കേരളത്തെ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിളിച്ചത് എന്തുകൊണ്ടാവും?

ചോദ്യങ്ങൾ ഉന്നയിച്ച് ചർച്ച - പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

തുടർന്ന് സ്ലൈഡ് പ്രദശിപ്പിക്കുന്നു.

- മനുഷ്യന്റെ ജാതി മനുഷ്യത്വമാണ് - ശ്രീനാരായണഗുരു
- എന്റെ സാമൂഹ്യദർശനം മൂന്നു വാക്കുകളിൽ സംഗ്രഹിക്കാവുന്നതാണ്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം. - ഡോക്ടർ ബി. ആർ. അംബേദ്കർ

**ഗുരുവിന്റെയും അംബേദ്കറുടെയും വാക്യങ്ങളുടെ പൊരുൾ ഒന്നാണോ ?**

വ്യക്തിഗതമായി വിശകലനം ചെയ്യുന്നു. കുറിക്കുന്നു. അവതരിപ്പിക്കുന്നു.

പ്രധാന ആശയങ്ങൾ ചാർട്ടിൽ കുറിക്കുന്നു.

**ഈ കാഴ്ചപ്പാടുകൾ തന്നെയാണോ സുകൃതഹാരങ്ങൾ എന്ന കവിതാഭാഗത്ത് പ്രകടമാകുന്നത്?**

പൊതു ചർച്ച

### ക്രോഡീകരണം

- മനുഷ്യർ ഒരു ജീവിവർഗം എന്ന നിലയിൽ തുല്യരാണ്.
- സമത്വം എന്നതിൽ സ്വാതന്ത്ര്യവും അടങ്ങിയിട്ടുണ്ട്.
- സമത്വമുള്ളിടത്തേ സാഹോദര്യവുമുണ്ടാകൂ.
- ഒരേ ഉദരത്തിൽ നിന്ന് ജനിച്ചവർ ആണല്ലോ സഹോദരങ്ങൾ.
- ഓരോരോ തുള്ളികൾ ചേരുന്നതാണ് പ്രവാഹം. പ്രവാഹത്തിൽ തരതമഭേദങ്ങളില്ല. അതില്ലാത്തയിടത്തേ സമത്വവും സാഹോദര്യവും ഉണ്ടാവുകയുള്ളൂ. ഭഗിനി, സോദരി എന്നെല്ലാം ഭിക്ഷു വിളിക്കുന്നത് മാതംഗിയുടെ ഉള്ളിൽ ജാതിക്കതീതമായ സഹോദരസ്നേഹത്തിന്റെ സുകൃത ഹാരങ്ങൾ അർപ്പിക്കുന്നു.

ചർച്ചകളിൽ രൂപീകരിക്കപ്പെട്ട ആശയങ്ങളും ധാരണകളും ഉൾപ്പെടുത്തി **സുകൃതഹാരങ്ങൾ പകരുന്ന ജീവിതപാഠം** എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.

വ്യക്തിഗത രചന.

പ്രഭാഷണം വിലയിരുത്തുന്നത് എങ്ങനെ? ചർച്ച

വിലയിരുത്തൽ സൂചകങ്ങൾ രൂപീകരിക്കുന്നു.

### പ്രഭാഷണം

ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായം ആവശ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ യുക്തിപൂർവ്വം ഒരു സദസ്സിനു മുമ്പിൽ അവതരിപ്പിക്കുന്നതാണ് പ്രഭാഷണം.

പ്രഭാഷണ വിഷയത്തെക്കുറിച്ച് വ്യക്തമായ ധാരണ പ്രഭാഷകന് ഉണ്ടായിരിക്കണം.

പ്രഭാഷണത്തിന്റെ ഘട്ടങ്ങൾ സാമാന്യമായി ചുവടെ പറയുന്ന രീതിയിലാണ്.

ഉചിതമായ തുടക്കം

വിഷയത്തിന്റെ അവതരണം

അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ ആവശ്യമായ തെളിവുകളോടെ അവതരിപ്പിക്കൽ.

സ്വന്തം നിലപാടുകൾ യുക്തിപൂർവ്വം അവതരിപ്പിക്കൽ.

ഉപസംഹാരം.

സദസ്സിനെ പരിഗണിച്ചുകൊണ്ടുള്ള അവതരണം.

ചിന്താപ്രക്രിയകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മുകളിൽ നൽകിയ സൂചനകൾ പ്രയോജനപ്പെടുത്തി പരസ്പരം വിലയിരുത്തുന്നു. മികച്ച പ്രഭാഷണം കണ്ടെത്തുന്നു. രണ്ട് / മൂന്ന് പ്രഭാഷണങ്ങളുടെ അവതരണം. അവതരിപ്പിച്ച പ്രഭാഷണങ്ങളിലെ മികവുകൾ തിരിച്ചറിഞ്ഞ് സ്വന്തം രചന മെച്ചപ്പെടുത്തൽ.

## തുടർപ്രവർത്തനം :

കവിതഭാഗത്തെ അടിസ്ഥാനമാക്കി '**ചണ്ഡാലഭിക്ഷുകിയുടെ സമകാലികപ്രസക്തി**' എന്ന വിഷയത്തിൽ പ്രഭാഷണം അവതരിപ്പിക്കാൻ അടുത്തദിവസം തയ്യാറായി വരിക.

## ലഘുനാടകം അവതരിപ്പിക്കാം

### നാടകം

ഭാഷാപഠനത്തിൽ സ്വീകരിക്കാവുന്ന ഏറ്റവും മികച്ച പഠനസങ്കേതങ്ങളിൽ ഒന്നാണ് നാടകം. കുട്ടികളിൽ അഭിനയശേഷി വർധിക്കുന്നതിനൊപ്പം ഭാഷാപരവും സാമൂഹികവുമായ ശേഷികൾ വളർത്തുന്നതിനും വലിയ സാധ്യതകൾ നാടകത്തിനുണ്ട്.

വായിച്ച് ആസ്വദിച്ച കഥ, കവിത, സന്ദർഭങ്ങൾ എന്നിവ നാടകമാക്കി അവതരിപ്പിക്കുക എന്നതാണ് ഇത്തരം പ്രവർത്തനത്തിലെ ഉയർന്ന തലം. അത്തരം രചനകളുടെ വിവിധ ഭാഗങ്ങൾ വിവിധ സംഘങ്ങളായി അവതരിപ്പിക്കുന്ന രീതിയാണ് ക്ലാസിൽ അഭികാമ്യം. രചനയിലെ വൈകാരിക

മുഹൂർത്തങ്ങൾ, സംഭവങ്ങൾ എന്നിവ അടിസ്ഥാനമാക്കി വിവിധ ഗ്രൂപ്പുകളാക്കാം. നാടകം സ്ഥലത്തിന്റെയും കാലത്തിന്റെയും കലയാണ്. സ്ഥലകാലങ്ങളെ അടിസ്ഥാനപ്പെടുത്തി കഥാ സന്ദർഭങ്ങളെ വേർതിരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. സുകൃതഹാരങ്ങൾ എന്ന കാവ്യഭാഗ ത്തെ നാടകീകരിക്കുമ്പോൾ പൂർവകഥയെ സംബന്ധിച്ച് വ്യക്തമായ ധാരണ ചർച്ചയിലൂടെ രൂപപ്പെടുത്തണം.

കടുത്തവേനലിന്റെയും വരൾച്ചയുടെയും പശ്ചാത്തലവും ബുദ്ധഭിക്ഷുവിന്റെ കൊടിയ ദാഹവും മാതംഗിയുടെ അപകർഷതാബോധവും അസ്വാതന്ത്ര്യവും ആ കാലഘട്ടത്തിലെ അതിക്രൂരമായ ജാതിവ്യവസ്ഥയുടെ പ്രശ്നങ്ങളും ബുദ്ധഭിക്ഷുവിന്റെ സമീപനവും നിലപാടുകളും മാതംഗി ദാഹജലം പകർന്നു കൊടുക്കുന്നതും ജാതിവ്യവസ്ഥയുടെ വ്യർഥത തിരിച്ചറിയുന്നതും എല്ലാം ആകർഷകമായും വൈകാരികമായും അവതരിപ്പിക്കണം.

തയ്യാറാകുന്നതിന് ആവശ്യമായ സമയം നൽകണം.

അഭിനയം ഉൾപ്പെടെ വിവിധ ചുമതലകൾ ഗ്രൂപ്പുകൾ സ്വയം വിഭജിച്ചു നൽകുകയും അവതരണ ങ്ങൾ ആവേശപൂർവ്വം ഏറ്റെടുക്കുന്ന വിധത്തിൽ നിർദേശം നൽകുകയും ചെയ്യണം.

**? സുകൃതഹാരങ്ങളിലെ വിവിധ വൈകാരികമുഹൂർത്തങ്ങൾ ഏതെല്ലാം ?**

**? കഥാപാത്രങ്ങൾ ആരെല്ലാം ?**

കഥ നടക്കുന്ന കാലം, സ്ഥലം, രംഗപശ്ചാത്തലം കഥയ്ക്കകത്തുള്ള സംഘർഷം എന്നിവ കണ്ടെ ത്താൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

ബോർഡിൽ കുറിക്കുന്നു.

അവയെ അടിസ്ഥാനമാക്കി ആവശ്യമായ സംഭാഷണങ്ങൾ ഉൾപ്പെടുത്തി ലഘുനാടകമായി അവ തരിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

8, 10 പേരുള്ള ഗ്രൂപ്പുകൾക്കാണ് ചുമതല നൽകേണ്ടത്. ഓരോ ഗ്രൂപ്പും നാടകീകരണം നടത്തേണ്ടത് എങ്ങനെ എന്ന് ചർച്ച ചെയ്യുകയും വിവിധ ചുമതലകൾ ഏറ്റെടുത്ത് പരിശീലനം നടത്തി അടുത്ത ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യണം.

നാടകാവതരണപ്രവർത്തനത്തിലെ കുട്ടികളുടെ പങ്കാളിത്തവും നേതൃത്വവും അവതരണ മികവും വിലയിരുത്തണം.

## നാടകാവതരണം സൂചകങ്ങൾ

- കഥാപാത്ര സവിശേഷതകൾ ഉൾക്കൊണ്ടിട്ടുണ്ട്
- ശബ്ദക്രമീകരണം, ഭാവവൈവിധ്യങ്ങൾ എന്നിവയോടെ അഭിനയിക്കുന്നുണ്ട്.
- ഉചിതമായ ശരീരഭാഷ
- കൃത്യമായ രംഗബോധം
- അഭിനയത്തിലെ സ്വാഭാവികത

## പഠനം

### നൂറ്റാണ്ട് പിന്നിട്ട കൃതികൾ

മലയാള കാവ്യലോകത്ത് ചിരഞ്ജീവിത്വമുള്ളകവിതകളിലൂടെ പുതുഭാവുകത്വം സൃഷ്ടിച്ച കവി പ്രതിഭയാണ് കുമാരനാശാൻ. അതുവരെയുണ്ടായിരുന്ന ഭാഷയെയും ആഖ്യാനസമ്പ്രദായങ്ങളെയും ഭാവുകത്വത്തെയും കല്പനകളെയും സങ്കല്പനങ്ങളെയും ഇളക്കി പ്രതിഷ്ഠിച്ചുകൊണ്ട് പുതിയൊരു കാവ്യാനുഭവലോകം മലയാളിക്ക് ആശാൻ സമ്മാനിച്ചു. 1907 ൽ പ്രസിദ്ധീകരിച്ച വീണപൂവിൽ തുടങ്ങുന്ന കാവ്യനിർമ്മിതി ഒന്നര പതിറ്റാണ്ടോളം മാത്രമേ നീണ്ടു നിന്നുള്ളൂ. എന്നാൽ കാലം കുറഞ്ഞദിനമെങ്കിലും അർഥദീർഘമായ - ആ കാവ്യജീവിതം സൃഷ്ടിച്ച വിസ്ഫോടനം മലയാളികളെ / കവിതാസ്വാദകരെ നിരന്തരം നവീകരിച്ചു കൊണ്ടിരിക്കുന്നു.

മലയാള കാവ്യലോകത്ത് ഒരു നൂറ്റാണ്ട് പൂർത്തീകരിച്ച രണ്ടു പ്രശസ്ത കൃതികളാണ് ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും. 1922 സെപ്റ്റംബറിൽ ദുരവസ്ഥയും ഡിസംബറിൽ ചണ്ഡാലഭിക്ഷുകിയും പ്രസിദ്ധീകരിച്ചു. ഒരു ഞെട്ടിൽ പൂത്ത രണ്ടു പുഷ്പങ്ങൾ എന്ന് ഇരുകൃതികളെയും മഹാകവി ഉള്ളൂർ വിശേഷിപ്പിച്ചിട്ടുണ്ട്. മലബാർ സമരത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ദുരവസ്ഥയും ശ്രീബുദ്ധന്റെ കഥയിലെ മാതംഗിയെന്ന ചണ്ഡാലികയുടെ ജീവിതത്തെ ആസ്പദമാക്കി രചിച്ച ചണ്ഡാലഭിക്ഷുകിയും പ്രമേയസാധർമ്മ്യവും കവിയുടെ ഉദ്ദേശ്യശുദ്ധിയും കൊണ്ട് കേരളീയ നവോത്ഥാന ചരിത്രത്തിലെ രണ്ട് പ്രധാനചാലകശക്തികളായി നിലകൊള്ളുന്നു.. മനുഷ്യന്റെ ജാതി മനുഷ്യത്വം എന്ന ബോധത്തിന്റെ വെളിച്ചം ചിന്തയിൽ വരാത്തവർ, കാലം മുൻപോട്ട് കടന്നുപോകാതെ സ്മൃതികളാൽ കോട്ടകെട്ടിനിർത്തിയ ഇരുണ്ടകാലത്തിൽ, സ്നേഹജ്വാലയാൽ അഗ്നിശുദ്ധി വരുത്തുന്നതിനുള്ള സോദ്ദേശ്യശ്രമമാണ് ആശാൻ നടത്തിയത്. ജാതിമതചിന്തകൾക്കതീതമായി, "സ്നേഹമാണഖിലസാരമൂഴിയിൽ", എന്ന സാർവകാലിക പ്രസക്തമായ വിശ്വമാനവികദർശനത്തിലൂടെ സ്നേഹത്തിൽ നിന്ന് ഉദിക്കുന്ന ലോകത്തെ കാണിച്ചുകൊടുക്കാൻ കുമാരനാശാൻ ആ കൃതികളിലൂടെ ശ്രമിക്കുന്നു. അതിനാൽ ഇനിയും മാറേണ്ടതായ പല അനാചാരങ്ങളെയും നീതികേടുകളെയും മനുഷ്യവിരുദ്ധ പ്രവർത്തനങ്ങളെയും മാറ്റാൻ വർത്തമാനകാലത്തും പ്രേരണാശക്തിയായി 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും സജ്ജമായി നിൽക്കുന്നു.

'മാറ്റുവിൻചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീനിങ്ങളെത്താൻ - എന്ന പ്രഖ്യാപനം ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു.

ദുരവസ്ഥയും ചണ്ഡലാഭിക്ഷുകിയും മലയാള കാവ്യലോകത്തും സമൂഹത്തിലും സൃഷ്ടിച്ച തുടർചലനങ്ങൾ പരിവർത്തനോന്മുഖമായിരുന്നു. സാമൂഹ്യനീതിയുടെ പശ്ചാത്തലത്തിൽ അത് വായിക്കുമ്പോൾ ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെ മാറ്റിനിർത്തുകയും അവഗണിക്കുകയും അപമാനവീകരിക്കുകയും ചെയ്തിരുന്ന ഒരു ഇരുണ്ട കാലഘട്ടത്തിന്റെ ദൃശ്യം നമുക്ക് ലഭിക്കും. അത് പുതുകാലത്തെ സൃഷ്ടിക്കാൻ നമ്മളെ ഏറെ പര്യാപ്തരാക്കും. ഒരു കൃതി എങ്ങനെയാണ് സാമൂഹിക പരിവർത്തനത്തിനും സാമൂഹികനീതിക്കും മനുഷ്യസമത്വത്തിനും പ്രയോജനകരമാകുന്നു എന്നതിന്റെ ഏറ്റവും പ്രകടവും മികച്ചതുമായ ഉദാഹരണമാണ് ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും. ജാതിയുടെ പേരിൽ മേൽക്കോയ്മകൾ ഉണ്ടാക്കി മനുഷ്യരെ വേർതിരിച്ച്, തരംതാഴ്ത്തി മനുഷ്യനെ പീഡിപ്പിച്ചിരുന്ന വ്യവസ്ഥിതിയെ കവിത കൊണ്ട് / അക്ഷരം കൊണ്ട് വെല്ലുവിളിക്കുക എന്ന ചരിത്രപ്രധാനമായ ഉത്തരവാദിത്വം നിറവേറ്റുകയാണ് 1922ൽ പ്രസിദ്ധീകരിച്ച ഈ രണ്ട് കൃതികളിലൂടെയും കുമാരനാശാൻ ചെയ്തത്.

## ബുദ്ധദർശനം ആശാൻ കവിതകളിൽ

1873 (ഏപ്രിൽ-12) ന് ജനിച്ച് 1924-ൽ (ജനുവരി 16) ന് പല്ലനയാറ്റിലെ ബോട്ടപകടത്തിൽ മരണമടഞ്ഞ കുമാരനാശാൻ മലയാളത്തിൽ ഒന്നാമതായി സ്മരിക്കപ്പെടേണ്ട കവികളിലൊരാളാണ്. മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും കേരളീയ ആധുനികതയുടെയും സ്മാരകമാണ് കുമാരനാശാൻ. ആശാന് പകരക്കാരൻ ആശാൻ മാത്രമാണെന്ന് കാലം നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മലയാളിക്ക് ജീവിതത്തിന്റെയും മോക്ഷത്തിന്റെയും പാതകാട്ടിത്തന്നത് കുമാരനാശാനായിരുന്നു. മതേതരമായ പാതയിലൂടെ സഞ്ചരിക്കാൻ നമുക്കിന്നും ആത്മബലം പകരുന്നത് കുമാരനാശാന്റെ ഓർമ്മകളാണ്. ആ ഓർമ്മകൾ നാം പുതുക്കിക്കൊണ്ടേയിരിക്കണം. വിഭാഗീയതയുടെയും ഉപഭോഗാസക്തിയുടെയും കാർമേഘം നമ്മുടെ ജീവിതാന്തരീക്ഷത്തിൽ കനക്കുമ്പോൾ പ്രത്യേകിച്ചും. ആലംബഹീനന്മാർക്ക് സ്നേഹസ്പർശമായി ആശാനും ആശാന്റെ രചനകളും നമുക്കിടയിൽ ശക്തമായി ഇന്നും തുടരുന്നു. കുമാരനാശാന്റെ വ്യക്തി ജീവിതത്തെയും കാവ്യജിവിതത്തെയും ആഴത്തിൽ സ്വാധീനിച്ച വ്യക്തി ശ്രീനാരായണഗുരുവും കൃതി എഡ്വിൻ ആർനോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ'യുമാണ്.

## ഖണ്ഡകാവ്യപ്രസ്ഥാനം

സംസ്കൃതത്തിൽ നിന്നും മലയാളത്തിലേക്ക് സംക്രമിച്ച കാവ്യപ്രസ്ഥാനമാണ് ഖണ്ഡകാവ്യം. പാശ്ചാത്യ കാവ്യമാതൃകകൾ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. 'ഖണ്ഡകാവ്യം ഭവേത് കാവ്യസ്യൈകദേശാനുസാരിച എന്ന് സാഹിത്യദർപ്പണത്തിൽ വിശ്വനാഥാചാര്യൻ ഖണ്ഡകാവ്യത്തിന് ലക്ഷണം നൽകിയിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തിനോക്കുന്നതിനു പകരം ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവത്തിലോ ഭാവത്തിലോ ആശയത്തിലോ മാത്രം ഊന്നി നിൽക്കുക - അവിടെ കവിപ്രതിഭ - വ്യാപരിപ്പിക്കുക - ഇതാണ് ഖണ്ഡകാവ്യത്തിന്റെ സാമാന്യ സ്വഭാവം. മഹാകാവ്യം ഒരു വലിയ ജീവിതപ്രപഞ്ചം ആഴത്തിലും പരപ്പിലും സമഗ്രമായി അവതരിപ്പിക്കുന്നു. ഖണ്ഡകാവ്യം ജീവിതത്തിന്റെ ഒരംശത്തെ ഏകാഗ്രമായി ആവിഷ്കരിക്കുന്നു. കഥയെക്കാൾ ഭാവോത്തേജകമായ പ്രതിപാദനത്തിനാണ് ഖണ്ഡകാവ്യത്തിൽ പ്രാധാന്യം.

മലയാളത്തിൽ ഖണ്ഡകാവ്യങ്ങളുടെ മാർഗദർശകനായി കരുതിപ്പോരുന്നത് ഏ. ആർ. രാജരാജവർമ്മയെയാണ്. അദ്ദേഹം രചിച്ച മലയവിലാസം (1895) ഈ ശാഖയിൽപ്പെട്ട ആദ്യ കൃതിയായി പരിഗണിക്കുന്നു.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ഖണ്ഡകാവ്യം കുമാരനാശാന്റെ വീണപൂവ് (1907) ആണ്. മലയാള കവിതയെ നവീന കാവ്യബോധത്തിന്റെ വെളിച്ചത്തിലേക്ക് നയിച്ചത് വീണപൂവാണ്. നളിനി (1911), ലീല (1914), ചിന്താവിഷ്ടയായ സീത (1919), ദുരവസ്ഥ (1922), ചണ്ഡാലഭിക്ഷുകി (1922), കരുണ (1923) തുടങ്ങിയവ ആശാൻ എഴുതിയ മറ്റു ഖണ്ഡകാവ്യങ്ങളാണ്. ബധിരവിലാപം (1919), ബന്ധനസ്ഥനായ അനിരുദ്ധൻ (1918), ശിഷ്യനും മകനും (1919) മഗ്ദലനമറിയം (1921), അച്ഛനും മകളും (1936), കൊച്ചു സീത (1929) എന്നിവ വള്ളത്തോൾ നാരായണമേനോൻ രചിച്ച ഖണ്ഡകാവ്യങ്ങളാണ്. കർണ്ണഭൂഷണം (1933), പിംഗള (1929), ഭക്തിദീപിക (1933),ചിത്രശാല (1937) എന്നിവ ഉള്ളൂർ എസ്. പരമേശ്വരയ്യർ രചിച്ച പ്രധാന ഖണ്ഡകാവ്യങ്ങളാണ്. ജി. ശങ്കരക്കുറുപ്പിന്റെ മൂന്നരുവിയും ഒരു പുഴയും, ബാലാമണിയമ്മയുടെ മഴുവിന്റെ കഥ, ഒ എൻ വി കുറുപ്പിന്റെ ഉജ്ജയിനി, അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, വൈലോപ്പിള്ളിയുടെ കുടിയൊഴിക്കൽ എന്നിവയും മലയാളത്തിലെ പ്രസിദ്ധങ്ങളായ ഖണ്ഡകാവ്യങ്ങളാണ്.

## പാഠവിശകലനം

### അമ്മ

മാധവിക്കുട്ടി

ഭാഷയുടെ കേവലമായ സൗന്ദര്യാംശങ്ങളിൽ അഭിരമിച്ചിരുന്ന എഴുത്തുകാരിൽ നിന്നും വ്യത്യസ്തമായി അനുഭവത്തിന്റെ തീവ്രതയും മനുഷ്യാവസ്ഥയുടെ അഗാധതയും ആവിഷ്കരിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. മാധവിക്കുട്ടി ആവിഷ്കരിക്കുന്ന ജീവിതം പലപ്പോഴും സ്നേഹശൂന്യതയുടെ പ്രതിസന്ധികളാണ്. സ്നേഹത്തെത്തേടി അലയൽ കൃതികളുടെ മുഖ്യ സ്വഭാവമാകുന്നത് അതുകൊണ്ടാണ്. വൻനഗരങ്ങൾ പശ്ചാത്തലമാക്കി കഥകളിലും കവിതകളിലും ആഖ്യാനം നിർവഹിച്ചപ്പോൾ ആ രചനകൾ അനുവാചകനെ വിസ്മയിപ്പിച്ചു. വ്യവസ്ഥിതിയോടും കപടസദാചാരത്തിനോടും കലഹിക്കാനുള്ള മനസ്സ് മാധവിക്കുട്ടിയുടെ രചനകളുടെ ദീപ്തമുഖമാണ്. മറ്റൊരാൾക്കും അനുവർത്തിക്കാനും പിന്തുടരാനും പറ്റാത്ത പുതിയ കഥാവഴികൾ അവർ മെനഞ്ഞെടുത്തു. ആ സർഗസഞ്ചാരങ്ങൾ കാലത്തിനോട് നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. സ്നേഹത്തിന്റെ വ്യത്യസ്തമുഖങ്ങളാണ് മാധവിക്കുട്ടിയുടെ രചനകളിൽ ആവിഷ്കരിക്ക പ്പെട്ടിട്ടുള്ളത്.

സ്നേഹത്തിനും കാരുണ്യത്തിനും പരിഗണനയ്ക്കും കൊതിക്കുകയും ലഭിക്കുകയും ചെയ്യുന്ന ഒരു മനസ്സിനെ അമ്മ എന്ന കഥയിലും കാണാം. ചെറിയൊരു അപകടത്തിനുശേഷം അമ്മയ്ക്ക് മുന്നിൽ എത്തിച്ചേരുന്ന ഒരുകൂട്ടം അപരിചിതർ അവരെ അദ്ഭുതപ്പെടുത്തുന്നുണ്ട്. പാൽക്കാരൻ, പോലീസ്, ടാക്സി ഡ്രൈവർ, ഡോക്ടർ, എന്നിങ്ങനെ ജീവിതത്തിന്റെ വ്യത്യസ്തതലങ്ങളിലുള്ളവരുടെ പ്രതിനിധികളാണ് അവർ. ഓരോ ആളും അമ്മേ എന്ന സംബോധനയിലൂടെ അവരെ സമീപിക്കുമ്പോൾ ഉള്ളറകളിൽ നിന്നും അവരുടെ ഒറ്റപ്പെടലിന്റെ തേങ്ങൽ ഉയരുന്നത് കേൾക്കാം.

അത്യധികം ഏകാന്തവും സ്നേഹശൂന്യവുമായ ജീവിതമാണ് അമ്മയുടേത്. ദാരിദ്ര്യവും ഇല്ലായ്മയും വല്ലായ്മകളും വാർദ്ധക്യത്തിന്റെ അവശതകളും അവരെ ഏറെ തളർത്തിയിട്ടുമുണ്ട്. എന്നിട്ടും തന്റെ മക്കളെ കുറ്റപ്പെടുത്താനോ ശകാരിക്കാനോ അവർ തയ്യാറാവുന്നില്ല.

സ്ത്രീജീവിതത്തിന്റെ സങ്കീർണതകൾ നിറഞ്ഞ ആന്തരികലോകത്തെ അവതരിപ്പിക്കുന്നതിൽ ഇത്രമാത്രം വിജയിച്ച മറ്റൊരു എഴുത്തുകാരി മലയാളത്തിൽ ഇല്ലെന്ന് തന്നെ പറയണം. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രപരതയ്ക്ക് അപ്പുറമുള്ള സ്ത്രീവാദത്തിലാണ് അവർ ഉറച്ചുനിന്നത്. "കുടുംബബന്ധങ്ങളുടെ ശക്തി, മനുഷ്യബന്ധങ്ങൾക്ക് ഉണ്ടാകുന്ന മുറുക്കം ഇത്രയനവധി കഥകളിലൂടെ അനായാസമായി ചിത്രീകരിച്ച മറ്റൊരാൾ ഇല്ല. സ്വാഭാവികതയും സഹജതയും സത്യസന്ധതയുമായിരുന്നു അവരുടെ നിയമങ്ങൾ." (വി.എം ഗിരിജ, മാധവിക്കുട്ടി ശരീരത്തിന് എത്ര ചിറകുകൾ.

മാതൃത്വത്തിന്റെ കരുണാമയവും വാത്സല്യദീപ്തവുമായ ഒട്ടേറെ കഥകൾ മാധവിക്കുട്ടി എഴുതിയിട്ടുണ്ട്. രാത്രിയിൽ, പരുന്തുകൾ, കീറിപ്പൊളിഞ്ഞ ചകലാസ്, നായാട്ടുകാരൻ, പുതിയ ഒരമ്മ, കോലാട്, നെയ്പായസം എന്നിവയോടൊപ്പം അമ്മയും ചേർത്തുവയ്ക്കാം.

## പ്രവർത്തന വിശകലനം

ബുദ്ധഭിക്ഷുവിന്റെ നിരുപാധികമായ സ്നേഹവും കാരുണ്യവും മാതംഗിയിൽ സൃഷ്ടിച്ച പരിവർത്തനങ്ങളാണ് നാം സുകൃതഹാരങ്ങളിൽ കണ്ടത് . മാതംഗിയുടെ അനുഭവത്തെ ചുവടെ കൊടുത്ത വാക്യങ്ങൾ എത്രമാത്രം പ്രതിഫലിപ്പിക്കുന്നുണ്ട്?

സ്ലൈഡ് പ്രദർശനം

ചില വിരലുകൾ ഹൃദയത്തിൽ തൊടുന്നു. സ്നേഹിക്കപ്പെടുമ്പോഴും പരിഗണിക്കപ്പെടുമ്പോഴും ജീവിതം മനോഹരമാകുന്നു.

ചർച്ച

എത്ര കൊടിയ വേദനകളെയും കഷ്ടപ്പാടുകളെയും മറികടക്കാൻ സ്നേഹാർദ്രമായ ഇടപെടലുകൾക്ക് ശക്തിയുണ്ട്. മറ്റുള്ളവരുടെ പരിഗണനയും സ്നേഹവും എല്ലാവരും കൊതിക്കുന്നുണ്ട്. സ്നേഹിക്കാനും പരസ്പരം കരുത്തുപകരാനും നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. ഈ വാക്കുകൾ സ്നേഹാർദ്രമായ ഒരു നോട്ടമോ സ്പർശമോ മൂളലോ പോലും വലിയ ആശ്വാസവും കരുത്തും പകരുമെന്ന് അനുഭവംകൊണ്ട് എല്ലാവർക്കും അറിയാമല്ലോ. ഇത്തരത്തിൽ ഒരു അനുഭവമാണ് അമ്മ എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

കഥ വായിക്കുന്നു.

**? കഥ ഭാവാത്മകമായി വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?**

ചർച്ച

## ഭാവാത്മക വായന - വിലയിരുത്തൽ സൂചകങ്ങൾ

- കഥയുടെ ആശയതലവും വൈകാരിക തലവും ഉൾക്കൊണ്ടിട്ടുണ്ട്.
- ഉച്ചാരണസ്ഫുടതയും ഒഴുക്കുമുണ്ട്.
- ഉചിതമായ ശബ്ദക്രമീകരണത്തോടെ ഭാവാത്മകമായി അവതരിപ്പിക്കുന്നുണ്ട്.
-
-

ഈ സൂചകങ്ങൾ ഉപയോഗിച്ച് വായന വിലയിരുത്തണം. കഥയുടെ ഓരോരോ ഭാഗങ്ങളായി പല കുട്ടികൾ വായിച്ച് വായന പൂർത്തിയാക്കുന്നു. തുടർന്ന് കഥ ചുരുക്കി പറയാൻ അവസരം നൽകുന്നു. കഥയിലെ പ്രധാന സംഭവങ്ങളും കഥയുടെ വൈകാരികതലവും ഉൾപ്പെടുത്തിക്കൊണ്ട് കഥ ചുരുക്കി പറയാൻ നിർദ്ദേശിക്കണം.

തുടർന്ന് കഥാന്ത്യത്തിലെ കറുത്ത കാറിന് അത് അറിയാമായിരുന്നു എന്ന് വാക്യം ശ്രദ്ധയിൽപ്പെടുത്തുന്നു. കഥാകൃത്ത് സൂചിപ്പിക്കുന്നത് എന്താണ് ?

കുട്ടികൾ പ്രതികരിക്കുന്നു. നിരാലംബയായ ഏകാന്ത ജീവിതം നയിക്കുന്ന ആ സ്ത്രീയോട് എന്തും ആവാം എന്ന മനോഭാവം കാറിനും ഉണ്ടായിരുന്നു എന്ന സൂചനയാണുള്ളത്. കഥയിലെ അമ്മയുടെ അവസ്ഥ സൂചിപ്പിക്കുന്ന കൂടുതൽ സന്ദർഭങ്ങൾ / സംഭാഷണങ്ങൾ കണ്ടെത്തുക?

വിശകലനം ചെയ്ത് അവയിൽ തെളിയുന്ന വർത്തമാനകാല സാമൂഹിക പ്രശ്നങ്ങൾ കണ്ടെത്തുക.

നാല്, അഞ്ച് പേർ ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു. പ്രധാന ആശയങ്ങൾ ക്രോഡീകരിച്ച് പൊതുവായി അവതരിപ്പിക്കുന്നു. പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

- മക്കളുടെ സ്നേഹവും കരുതലും ലഭിക്കാത്ത വൃദ്ധരായ മാതാപിതാക്കൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും കഷ്ടപ്പാടുകളും.
- സ്നേഹരഹിതമായ സമീപനം സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ.
- കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന താളപ്പിഴകളും തകർച്ചകളും
- വൃദ്ധരായ മാതാപിതാക്കളുടെ ഒറ്റപ്പെടൽ
-

## തുടർപ്രവർത്തനം

അമ്മ എന്ന കഥ ചർച്ച ചെയ്യുന്ന സാമൂഹികപ്രശ്നത്തെക്കുറിപ്പ് തയ്യാറാക്കുക.

അമ്മ എന്ന കഥ നൽകുന്ന തിരിച്ചറിവുകൾ -കുറിപ്പ് തയ്യാറാക്കുക.

## സന്ദേശം കണ്ടെത്താം

അമ്മ എന്ന കഥ നൽകുന്ന തിരിച്ചറിവുകൾ, കുറിപ്പുകളുടെ അവതരണം

മികച്ച കുറിപ്പുകൾ കണ്ടെത്തുന്നു. മികവിന്റെ കാരണങ്ങൾ ചർച്ച ചെയ്യുന്നു. സ്വന്തം രചനകൾ ചർച്ചയുടെ അടിസ്ഥാനത്തിൽ പരസ്പരം കൈമാറി വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. തുടർന്ന് ചോദ്യം ഉന്നയിക്കുന്നു, ഇതിൽനിന്ന് വ്യത്യസ്തമായ സമീപനവും മനോഭാവവും പുലർത്തുന്നവർ സമൂഹത്തിൽ ഇല്ലേ? അവരുടെ പ്രതിനിധിയായി കഥയിൽ ആരെങ്കിലും ഉണ്ടോ സന്ദർഭങ്ങൾ സംഭാഷണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുന്നു. വ്യക്തിഗതമായി അവതരിപ്പിക്കുന്നു.

## ക്രോഡീകരണം

നിസ്വാർഥവും ത്യാഗപൂർണ്ണവുമായ പ്രവർത്തനം, ഡോക്ടറുടെയും ടാക്സി ഡ്രൈവറുടെയും സ്നേഹാർദ്രമായ സമീപനം, ബോലേറാം എന്ന പാൽക്കാരന്റെ പ്രവൃത്തി സമൂഹത്തിന് നൽകുന്ന സന്ദേശം എന്ന് കുട്ടികൾ കുറിക്കുന്നു.

പ്രതികരിക്കുന്നു.

തുടർന്ന് സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

"ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി ഞാൻ പൊഴിക്കവേ
ഉദിക്കുയാണെന്നാത്മാവിൽ ആയിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായി ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല പൗർണമി"
**(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം - അക്കിത്തം)**

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"
**(നളിനി - കുമാരനാശാൻ)**

❓ **ഈ വരികളിൽ പറയുന്ന തരത്തിലുള്ള ആഹ്ലാദവും ആനന്ദവും ബോലേറാം അനുഭവിക്കുന്നുണ്ടാവുമോ ?**

നാല് അഞ്ച് പേർ ഗ്രൂപ്പിൽ ചർച്ച ചെയ്തു അവതരിപ്പിക്കുന്നു.

മറ്റു ഗ്രൂപ്പുകാർ കൂട്ടിച്ചേർക്കുന്നു. പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

- സഹഭാവം, അതിരറ്റ ആഹ്ലാദവും ആത്മസംതൃപ്തിയും പകരുന്നു.
- മറ്റുള്ളവരെക്കൂടി ചേർത്തുപിടിക്കുമ്പോഴാണ്, അവർക്കായി ജീവിക്കുമ്പോഴാണ് ജീവിതം ധന്യത നേടുന്നത്.
- എല്ലാ നിലയിലുമുള്ള മനുഷ്യരിലും തന്നോടൊപ്പം ജീവിക്കുന്നവർക്ക് വേണ്ടി ത്യാഗനിർഭരമായ പ്രവർത്തിക്കാനുള്ള ഉൾപ്രേരണയുണ്ട്.

- ഇത്തരം മനോഭാവങ്ങളും മൂല്യങ്ങളും ലോകജീവിതത്തെ കൂടുതൽ പ്രതീക്ഷാനിർഭരവും പ്രകാശപൂർണവുമാക്കുന്നു. ഇത്തരം ജീവിതമൂല്യങ്ങൾ വ്യാപിക്കുമ്പോഴാണ് മാനവികതയുടെ ഉയർന്ന വിതാനങ്ങളിലേക്ക് സമൂഹം എത്തുന്നത്.

## തുടർപ്രവർത്തനം -

'അമ്മ'യിലെ ബോലേറാം മനുഷ്യസ്നേഹത്തിന്റെ പ്രതീകം എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

## പ്രയോഗഭംഗി കണ്ടെത്താം

ശൈലീപ്രയോഗങ്ങളുമായി ബന്ധപ്പെട്ട റീൽസ് / സിനിമാ ഭാഗം പ്രദർശിപ്പിക്കുന്നു. (റീൽസിന് പകരം സുകൃതഹാരങ്ങളിലെ മനോഹരമായ ഏതെങ്കിലും പ്രയോഗം എടുത്ത് കാവ്യഭാഗത്തിന് ഭംഗി പകരുന്നത് എങ്ങനെ എന്ന ചർച്ചയിലൂടെ കഥാഭാഗത്തെ പ്രയോഗങ്ങൾ കണ്ടെത്തുന്ന പ്രവർത്തനത്തിലേക്ക് കടക്കാം)

**? പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർഥതലങ്ങൾ എന്തെല്ലാം ?**

കുട്ടികൾ കുറിക്കുന്നു.

അവതരിപ്പിക്കുന്നു. ശക്തിയും സൗന്ദര്യവും വ്യക്തമാക്കുന്നു.

ഇത്തരം പ്രയോഗങ്ങൾ കഥയിൽ ഉണ്ടോ? വ്യക്തിഗതമായി കണ്ടെത്തുന്നു.

കഥാസന്ദർഭവുമായി ബന്ധിപ്പിച്ച് ആ പ്രയോഗങ്ങളുടെ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

- "കരിഞ്ഞ മരങ്ങളുടെ വേരുകൾ..."
- "ആ തെരുവിൽ പൊളിഞ്ഞ പാവയെ പോലെ അങ്ങനെ കൊഴിഞ്ഞു കിടന്നു."
- "അവരുടെ വലത്തെ കാലിൽ നിന്ന് അപ്പോഴും ചോര ഒഴുകിക്കൊണ്ടിരുന്നു ചുവപ്പുള്ളതും ചൂടുള്ളതുമായ ചോര. രക്തത്തിന് നരയില്ലല്ലോ."
- "വൃദ്ധയ്ക്ക് പെട്ടെന്ന് ചിരിക്കുവാൻ തോന്നി. കാരണം കിട്ടാത്ത ഒരാനന്ദം !"
- "എനിക്ക് കണ്ണില്ലെന്നുണ്ടോ ? എനിക്ക് തലയ്ക്ക് നൊസ്സുണ്ടോ?"

കണ്ടെത്തിയ പ്രയോഗങ്ങൾ 4 /5 പേർ ഗ്രൂപ്പിൽ വിശകലനത്തിനായി നൽകുന്നു.

ഓരോ പ്രയോഗവും കഥാസന്ദർഭത്തിലെ സ്വഭാവസവിശേഷതകളെയും കഥയുടെ ഭാവതലത്തെയും പ്രതിഫലിപ്പിക്കുന്നത് എങ്ങനെ?

ഗ്രൂപ്പിൽ ചർച്ച ചെയ്തു കണ്ടെത്തുന്നു.

പ്രയോഗഭംഗി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണത്തെ വിലയിരുത്തണം.

## ഗ്രൂപ്പ് ചർച്ചയിലെ പങ്കാളിത്തവും നേതൃത്വവും

മുന്നോട്ടുവയ്ക്കുന്ന അഭിപ്രായങ്ങൾ, പറയുന്ന രീതി - ഇവയെല്ലാം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യണം.

തുടർപ്രവർത്തനം - കഥയിലെ പ്രയോഗങ്ങളുടെ ഭംഗി കണ്ടെത്തി വിശദീകരിച്ച് കുറിപ്പ് തയ്യാറാക്കുക.

## കഥാപാത്രനിരൂപണം തയ്യാറാക്കാം

അധ്യാപിക വൈക്കം മുഹമ്മദ് ബഷീറിന്റെ അമ്മ എന്ന കഥ വൈകാരികത ചോർന്നു പോകാതെ ചുരുക്കി പറയുന്നു

ഞാനിന്നു വരുമെന്നു ഉമ്മ എങ്ങനെ അറിഞ്ഞു എന്ന് തുടങ്ങുന്ന കഥയുടെ അവസാനഭാഗം സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഭാവാത്മകമായി അവതരിപ്പിക്കുന്നു. ബഷീറിന്റെ ഉമ്മയിലും കഥയിലെ അമ്മയിലും തെളിയുന്ന മാതൃത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

## ചർച്ചാസൂചകങ്ങൾ

- ജീവിതാവസ്ഥ
- മാനസിക സംഘർഷങ്ങൾ
- മനോഭാവം
- ഉയർത്തിപ്പിടിക്കുന്ന ജീവിതമൂല്യങ്ങൾ

കുട്ടികൾ കുറിക്കുന്നു. പ്രധാന ആശയങ്ങൾ അവതരിപ്പിക്കുന്നു.

പൊതുചർച്ച. പ്രധാന ആശയങ്ങൾ ചാർട്ടിൽ കുറിക്കുന്നു അമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുമ്പോൾ പരിഗണിക്കേണ്ട മറ്റു കാര്യങ്ങൾ എന്തെല്ലാം ?

**ചർച്ച**

കഥാപാത്രനിരൂപണത്തിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?

വിലയിരുത്തുന്നത് എങ്ങനെ?

ചർച്ചയിലൂടെ സൂചകങ്ങൾ രൂപീകരിക്കുന്നു.

കഥാപാത്രനിരൂപണം തയ്യാറാക്കുന്നു.

സ്വയമായും പരസ്പരം കൈമാറി വായിച്ചും മെച്ചപ്പെടുത്തുന്നു.

## തുടർപ്രവർത്തനം :

കഥാപാത്രനിരൂപണപ്പതിപ്പ് തയ്യാറാക്കുക.

(ഓരോ പേജും ചിത്രങ്ങൾ ഉൾപ്പെടെ ആകർഷകമായി തയ്യാറാക്കാൻ ആവശ്യമായ ചുമതല ടീമിന് നൽകണം)

## ക്രിയാസവിശേഷതകൾ കണ്ടെത്താം

*അയാൾ അവിടെ <u>നിന്ന്പോയി.</u>*

*അയാൾ അവിടെ <u>നിന്നുപോയി.</u>*

( കുട്ടികൾ തയ്യാറാക്കിയ കഥാപാത്രനിരൂപണം/ അസൈന്മെന്റ് നോക്കി അതിലെ ഉദാഹരണങ്ങൾ കണ്ടെത്തി എഴുതിയാൽ നന്നാവും)

ഈ വാചകങ്ങൾ അധ്യാപിക ബോർഡിൽ എഴുതുന്നു.

തുടർന്ന് കുട്ടികൾക്ക് ഇവ രണ്ടും തമ്മിലുള്ള അർഥവ്യത്യാസം കണ്ടെത്തുന്നതിന് അവസരം കൊടുക്കുന്നു.

ഇതുപോലെയുള്ള കൂടുതൽ വാചകങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി കുട്ടികളെ സംഘങ്ങളാക്കി മാറ്റുന്നു.

- അവർ രുചിയുള്ള ആഹാരം തിന്നുപോയി
- കുട്ടികൾ ഭംഗിയുള്ള പുസ്തകം എടുത്തുപോയി
- അവർ മൂളിപ്പാട്ട് പാടിപ്പോയി
- അവരുടെ പേനകൾ കളഞ്ഞുപോയി

തുടങ്ങി ചില ഉദാഹരണങ്ങൾ അധ്യാപിക ബോർഡിൽ എഴുതുന്നു. കുട്ടികൾ കണ്ടെത്തിയ ഉദാഹരണങ്ങളും മറ്റും വിശകലനം ചെയ്ത് കൂടുതൽ ഉദാഹരണങ്ങൾ ബോർഡിൽ കുറിക്കുന്നു.

- എല്ലാവരും ഇന്നലെ ക്ലാസ്സിൽ വന്നിരുന്നു.
- അവർ കഴിഞ്ഞദിവസം സിനിമ കണ്ടിരുന്നു.
- ഞങ്ങൾ കല്യാണത്തിന് പോയിരുന്നു.
- കള്ളൻ വീട്ടിൽനിന്ന് ഓടിക്കളഞ്ഞു.
- ഞാൻ സ്നേഹപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.
- അദ്ദേഹം ഇന്നലെ വന്നുകഴിഞ്ഞു.
- അവൾ ഉത്തരം പറഞ്ഞിരിക്കണം.
- സാധാരണയായി അരി കൊടുത്തുവരുന്നു.
- അവർ പരീക്ഷയ്ക്ക് പഠിച്ചുകൊണ്ടിരിക്കുന്നു.

ഉദാഹരണങ്ങൾ വിശകലനം ചെയ്തു പ്രത്യേകതകൾ കണ്ടെത്തി അവതരിപ്പിക്കാൻ ഓരോ ഗ്രൂപ്പിനും അവസരം നൽകുന്നു.

ക്രിയകളുടെ അർഥത്തിൽ സംഭവിച്ച മാറ്റം കണ്ടെത്താൻ അവസരം നൽകുന്നു. ഈ മാറ്റങ്ങൾക്ക് കാരണമായ പദങ്ങൾ കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു.

- കണ്ടെത്തി രേഖപ്പെടുത്തുക

| ക്രിയയ്ക്ക് ഉണ്ടായ മാറ്റങ്ങൾ | |
|---|---|
| രൂപം | അർഥം |
| | |
| | |
| | |
| | |

ഇത്തരം പ്രയോഗങ്ങൾ എന്തിനായിരിക്കും?

വിശദമായ ചർച്ച നടത്തുന്നു. ആശയങ്ങൾ ക്രോഡീകരിക്കുന്നു. ഇവ ക്രിയയുടെ അർഥത്തെ പരിഷ്കരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിൽ?

ഇത് ഭാഷയിലെ ഒരു പ്രയോഗം ആണെന്ന് തിരിച്ചറിയാൻ അവസരം കൊടുക്കുന്നു.

## അനുപ്രയോഗം

ഒരു പൂർണക്രിയയുടെ അർഥത്തെ പരിഷ്കരിക്കുന്നതിനുവേണ്ടി അതിനു പിന്നാലെ പ്രയോഗിക്കുന്ന അപ്രധാന ക്രിയകളെ അനുപ്രയോഗം എന്നു പറയുന്നു. ഏതു ധാതുവിന്റെ അർഥത്തെ പരിഷ്കരിക്കുന്നതിനാണോ അനുപ്രയോഗം ചേർക്കുന്നത്, അതിനെ പ്രാക്പ്രയോഗം എന്നു പറയുന്നു.

- **ഭേദകാനുപ്രയോഗം**

ഭേദിപ്പിക്കുന്ന (വിശേഷിപ്പിക്കുന്ന) അർത്ഥം നൽകുന്നു. വിനയം, പതിവ്, ബഹുമാനം, യാദൃച്ഛികത, ഊഹം, സംശയം, സാഹസികത, അനാസ്ഥ, ആശ്ചര്യം മുതലായ വിശേഷാർഥങ്ങൾ ഭേദകാനുപ്രയോഗം വ്യക്തമാക്കും. പ്രാക് പ്രയോഗധാതുവിൽ വിനയം, ലാഘവം, പതിവ് മുതലായ വിശേഷാർത്ഥങ്ങളെ കൂട്ടിച്ചേർക്കുന്ന അനുപ്രയോഗമാണിത്.

ഉദാ- അറിയിച്ചു കൊള്ളുന്നു. ചെയ്തു കളഞ്ഞു. കൊടുത്തുവരുന്നു.

- **കാലാനുപ്രയോഗം**

പ്രാക്പ്രയോഗക്രിയയുടെ കാലത്തിലുള്ള താരതമ്യങ്ങളെ കുറിക്കുന്ന പ്രയോഗമാണിത്. ക്രിയ നടക്കുന്ന കാലത്തെ കൂടുതൽ സൂക്ഷ്മതയോടെ കുറിക്കാൻ സഹായിക്കുന്നു.

ഉദാ-

പോയിരിക്കുന്നു (പോയിട്ടേയുള്ളൂ)

പോയിട്ടുണ്ട് (കുറച്ചു മുമ്പ് പോയി)

പോയിട്ടുണ്ടായിരുന്നു (പോയിരുന്നു, പക്ഷേ ഇപ്പോൾ അറിയില്ല)

പോകുമായിരുന്നു (സാധ്യത)

ഇങ്ങനെ ഭൂതം, വർത്തമാനം, ഭാവി എന്നിവയ്ക്ക് കാലാനുപ്രയോഗം വഴി കൂടുതൽ കൃത്യത വരുത്താം.

- **പൂരണാനുപ്രയോഗം**

ഖിലധാതുക്കളുടെ രൂപങ്ങളെ പൂരിപ്പിക്കുന്നതിന് ചെയ്യുന്ന അനുപ്രയോഗമാണ് പൂരണാനുപ്രയോഗം.

ഉദാ- ഉൾ എന്ന ധാതുവിന് ഉണ്ട്, ഉള്ളു, ഉള്ള എന്നീ രൂപങ്ങളാണുള്ളത്. ആവുക എന്ന പ്രയോഗം ഉണ്ടാവുക, ഉണ്ടാവും ഉണ്ടാവാറുണ്ട് മുതലയായ രീതികളിൽ മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്.

- **നിഷേധാനു പ്രയോഗം**

ക്രിയയുടെ നിഷേധാർത്ഥം കുറിക്കുന്നത് നിഷേധാനുപ്രയോഗം

അല്ല, ഇല്ല, ആ, കൂടാ, അരുത് തുടങ്ങിയവയാണ് പ്രത്യയങ്ങൾ

വരുന്നു - വരുന്നില്ല

പോകും- പോകില്ല

ചെയ്തു- ചെയ്യില്ല

ഈ പ്രയോഗങ്ങളിലെ പ്രധാന ക്രിയയ്ക്ക് പ്രാക്പ്രയോഗം എന്നും പിന്നാലെ വരുന്ന ക്രിയയ്ക്ക് അനുപ്രയോഗം എന്നും പറയുന്നു.

പ്രാക്പ്രയോഗവും അനുപ്രയോഗവും ചേർന്നുള്ള രൂപവും കണ്ടെത്തുന്നതിന് അവസരം നൽകുന്നു.

## പട്ടിക പൂർത്തിയാക്കുക.

| പ്രാക്പ്രയോഗം | അനുപ്രയോഗം | സംയുക്തക്രിയ |
|---|---|---|
| തിന്നു | പോയി | തിന്നുപോയി |
| ചാടി | പോയി | ചാടിപ്പോയി |
| | | |
| | | |
| | | |

അനുപ്രയോഗങ്ങളുടെ തരംതിരിവുകൾ പരിചയപ്പെടുത്തുന്നതിനായി ഉദാഹരണങ്ങൾ അവതരിപ്പിക്കുന്നു.

## കണ്ടെത്തി പട്ടികപ്പെടുത്തുക.

- കളഞ്ഞുപോയി, വരുന്നില്ല, വന്നിട്ടുണ്ട്, വേണ്ടിവരും, ഓടിക്കളഞ്ഞു, ഉണ്ടാകട്ടെ,
- അപേക്ഷിച്ചുകൊള്ളുന്നു, വരുന്നുണ്ട്, പഠിച്ചുകൊണ്ടിരിക്കുന്നു, ചെയ്യില്ല
- വന്നുകഴിഞ്ഞു, പോകുമായിരുന്നു, വന്നുചേരുന്നു, വേണ്ടിവന്നു.
- പറഞ്ഞിരിക്കണം, പോകില്ല, കൊടുത്തുവരുന്നു, വരുന്നുണ്ടായിരുന്നു
- വന്നുകൊണ്ടിരിക്കുന്നു, നടന്നില്ല, വരുമായിരിക്കും, തോൽപ്പിച്ചുകളഞ്ഞു, പറഞ്ഞുകൊള്ളുന്നു. ഉണ്ടാകും.

| ഭേദകാനുപ്രയോഗം | കാലാനുപ്രയോഗം | പൂരണാനുപ്രയോഗം | നിഷേധാനുപ്രയോഗം |
|---|---|---|---|
| അപേക്ഷിച്ചുകൊള്ളുന്നു | പോയിട്ടുണ്ട് | ഉണ്ടാകും | പോകില്ല |
| | | | |
| | | | |
| | | | |

- കണ്ടെത്തിയ കാര്യങ്ങൾ എല്ലാകുട്ടികളും അവരുടെ ഭാഷാപുസ്തകത്തിൽ രേഖപ്പെടുത്തണം. അവ അധ്യാപകർ പരിശോധിച്ച് ഉറപ്പുവരുത്തണം.
- **തുടർപ്രവർത്തനം :** പാഠപുസ്തകത്തിൽ നിന്ന് അനുപ്രയോഗങ്ങൾ കണ്ടെത്തുക.

## കഥയിൽ നിന്നും തിരക്കഥയിലേക്ക്

'ഇരുപതാം നൂറ്റാണ്ടിന്റെ കല' എന്ന വിശേഷണം നേടിയ ചലച്ചിത്രത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് തിരക്കഥ. ആദിമധ്യാന്ത പൊരുത്തമുള്ള സുഘടിതമായ കഥയില്ലെങ്കിലും സിനിമ രൂപപ്പെടും. ശക്തമായ ഒരു പ്രമേയ (ഇതിവൃത്തം / പ്ലോട്ട്) മാണിതിന് അത്യാവശ്യമായിട്ടുള്ളത്. ദൃശ്യങ്ങൾ കൊണ്ട് കോർത്തിണക്കുന്ന വിദ്യയാണ് തിരക്കഥയ്ക്കുള്ളത്. അതുകൊണ്ടുതന്നെ സാഹിത്യഭാഷയേക്കാൾ ദൃശ്യ ഭാഷയാണ് തിരക്കഥയെ ആകർഷകമാക്കുക.

ഇത്തരത്തിൽ വ്യത്യസ്തങ്ങളായ കലകളുടെയും ശാസ്ത്രസാങ്കേതികതകളുടെയും മനോഹരമായ സമ്മേള നത്തിലൂടെയാണ് ആകർഷകങ്ങളായ സിനിമകൾ രൂപപ്പെടുന്നത്.

റഫീഖ് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിതയുടെ പിഡിഎഫ് ഷീറ്റ് നമുക്ക് ഗ്രൂപ്പുകളിൽ നൽകാം. കവിതയുടെ ഓഡിയോ കേൾക്കാം.

കവിതയിലെ പ്രധാന ദൃശ്യങ്ങൾ എഴുതി നോക്കാം

വാർദ്ധക്യം ഒരു രോഗമല്ല. ജീവിതത്തിലെ ഒരു പ്രത്യേക സന്ദർഭമാണ്. നിറഞ്ഞ ആരോഗ്യമുണ്ടായിരുന്ന കാലത്ത് കുടുംബത്തിനുവേണ്ടി രാപകലില്ലാതെ അലഞ്ഞ ഒരു ഭൂതകാലം അവർക്കുമുണ്ടാവും. വഴിയോരത്തും പൊതു ഇടങ്ങളിലും നിരത്തുകളിലും വൃദ്ധരായ ഒട്ടേറെ പേരെ നമ്മൾ കാണാറുണ്ട്. മനുഷ്യബന്ധങ്ങൾ ശിഥിലമാകുന്നതിനെ കുറിച്ചുള്ള ഉൽക്കണ്ഠയാണ് അമ്മ എന്ന കഥയിൽ തെളിയുന്നത്. അമ്മത്തൊട്ടിലിൽ അവതരിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു സന്ദർഭമാണ് ഇവിടെ. ഒരാശയത്തിന്റെ ബഹുവിധ രൂപങ്ങളാണിതെന്ന് പറയാം.

അമ്മയെന്ന കഥയിൽ നിങ്ങളെ സ്പർശിച്ച വൈകാരികമായ ഒരു സന്ദർഭം / രംഗം കണ്ടെത്തി എഴുതുക.

അമ്മ എന്ന കഥയിലെ കേന്ദ്രപ്രമേയത്തെ മുൻനിർത്തി ചെറുചിത്രം നിർമ്മിക്കാൻ ആവശ്യമായ തിരക്കഥയിലേക്ക് കടക്കാം.

നിങ്ങൾ കണ്ടെത്തിയ രംഗത്തെ ഇതിവൃത്തമായി സ്വീകരിക്കാം. അതിനെ വിശദമാക്കുന്നതിനും കഥയുടെ അന്തരീക്ഷമായുള്ള ഭാവം നഷ്ടം വരുത്താതെ ഓരോരോ കാഴ്ചകളായി സീനുകൾ ഒരുക്കാം.

തിരുത്തലുകൾക്ക് ശേഷം മികച്ച തിരക്കഥകൾ കൊണ്ട് ചെറുസിനിമ ചെയ്യാം.

ഗ്രൂപ്പിൽ ചർച്ചകൾ നടക്കട്ടെ. അനുയോജ്യമായ രീതിയിലുള്ള ഇടപെടലിലൂടെ കേന്ദ്ര പ്രമേയത്തിനെ മെച്ചപ്പെടുത്താം.

# പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥ

## പാഠവിശകലനം

പ്രൊഫ. എം. കെ. സാനുവിന്റെ ബഷീർ - ഏകാന്തവീഥിയിലെ അവധൂതൻ എന്ന കൃതിയിൽനിന്നും എടുത്തതാണ് പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥ എന്ന പാഠഭാഗം. ബഷീറിന്റെ ആത്മാംശമുള്ള പാത്തുമ്മായുടെ ആട് എന്ന കൃതി അതിന്റെ രചനാശൈലി, ബഷീർ എന്ന എഴുത്തുകാരൻ എന്നിവയെക്കുറിച്ച് ഇതിൽ വിശദമായി പ്രതിപാദിക്കുന്നു. ജീവിതാനുഭവങ്ങളുടെ, വൻകരകളെ സ്വന്തം രചനകളിലൂടെ ആവിഷ്കരിക്കുകയാണ് വൈക്കം മുഹമ്മദ് ബഷീർ. അലഞ്ഞതിന്റെയും അറിഞ്ഞതി

ന്റെയും സാകല്യത മുഴുവൻ എഴുത്തിലേക്ക് സന്നിവേശിപ്പിക്കുക അസാധ്യമാണ്. അനുഭവം എഴുത്തകാരുടെ വീക്ഷണചക്രവാളത്തെ വിശാലമാക്കുകയും ജീവിത സമീപനത്തെ സംസ്കരിക്കുകയും ചെയ്യുന്നു. ഇത് മലയാളത്തിൽ ഏറ്റവും കൂടുതൽ സംഭവിച്ചിട്ടുള്ളത് ബഷീറിന്റെ രചനകളിലാണ്. അതാണ് മറ്റുള്ള എഴുത്തുകാരിൽ നിന്നും ബഷീറിനെ വ്യത്യസ്തനാക്കുന്നത്.

ലോകം പോലെ പടർന്നു കിടക്കുന്ന തന്റെ ജീവിതാനുഭവത്തെ രചനകളിൽ അടുക്കി വെക്കുകയല്ല ബഷീർ ചെയ്യുന്നത്. അന്തസ്സാരശൂന്യമായ ജീവിതത്തെ വീണ്ടും വീണ്ടും കീറിമുറിച്ച് വിശകലനം ചെയ്യുകയായിരുന്നു. അപ്പോഴാണ് 'അണ്ഡകടാഹം' മുഴുവനും അതിൽ കഥാപാത്രവും പശ്ചാത്തലവും ആയത്. "പാത്തുമ്മയുടെ ആട് ചുമ്മാ ഒരു കഥയല്ല ഇത് എന്റെ വീട്ടിലെ സത്യമായ കഥയാണെന്ന് ഓർക്കണം " എന്ന പ്രസ്താവന ഇവിടെയാണ് പ്രസക്തമാകുന്നത്.

മനുഷ്യർ പാർക്കുന്ന ഇടങ്ങളിൽ തന്നെ പാർത്ത് മറ്റാരും സഞ്ചരിക്കാത്ത ഭാവനയുടെ ലോകത്ത് അനുഭവങ്ങളെ കൊണ്ടുപോയി പുതിയ ലോകം സൃഷ്ടിക്കുകയാണ് ബഷീർ. "അതുകൊണ്ട് അലഞ്ഞു തിരിഞ്ഞു വീട്ടിൽ വലിയ ഇക്കാക്കയായി തിരിച്ചെത്തുകയും വിശ്രമിക്കുകയും തണലിൽ ആടിനെ പോലെ അയവിറക്കുകയും ചെയ്യുന്ന പാത്തുമ്മയുടെ ആടിലെ ബഷീർ മറ്റൊരാളാണെന്ന് ഞാൻ കരുതുന്നു". (എം എൻ വിജയൻ, ബഷീർ സമ്പൂർണ്ണ കൃതികൾ )

"ചന്ത കൂടിയ ബഹളത്തിന് നടുവിൽ" ബഹളങ്ങളുടെയും മേളങ്ങളുടെയും മധ്യത്തിലാണ് ബഷീർ പ്രശാന്തത തേടി വന്നിരിക്കുന്നത്. ശാന്തതയിൽ സമാഹരിക്കപ്പെടുന്ന ഈ ഓർമ്മയിൽ ബാല്യകാലസഖിയിലോ അനുരാഗത്തിന്റെ ദിനങ്ങളിലോ കാണാത്ത പുത്തൻ നർമ്മബോധം പാത്തുമ്മയുടെ ആടിലുണ്ട്. ബഷീർക്കഥകളിലെഇതൾ വിരിയുന്ന ചിരി ദുഃഖത്തിന്റെ ചിരിയായി മാറുന്നു ."ബഷീർ ഉള്ളിൽ വഹിക്കുന്ന മഹാവ്യസനങ്ങളുടെയും പലതരം ക്ഷോഭങ്ങളുടെയും സ്നേഹത്തിന്റെയും പ്രച്ഛന്നവേഷമാണ് ആ ചിരി യെന്ന് പറയാം". (പെരുമ്പടവം ശ്രീധരൻ ,പുറം 1,2 ബഷീർ അബുവിന്റെ ഓർമ്മകൾ ) "ഇതൊരു തമാശക്കഥയാണ്. എങ്കിലും എഴുതുമ്പോൾ ഞാൻ ആകെ വെന്തു നീറുകയായിരുന്നു. വേദന മറക്കണം - എഴുതുക " എന്ന് പാത്തുമ്മയുടെ ആടിന്റെ മുഖവുരയിൽ ബഷീർ വ്യക്തമാക്കിയിട്ടുണ്ട്.

ആവശ്യങ്ങളും ആവലാതികളും അപേക്ഷകളുമായിട്ടാണ് ചന്ത കൂടിയ ബഹളത്തിലാ യിരുന്ന ബഷീറിന്റെ വീട്ടിലെ അംഗങ്ങൾ -അദ്ദേഹത്തെ സമീപിക്കുന്നത്. എല്ലാവർക്കും വേണ്ടത് പണം." പണം വേണം, ധാരാളം പണം വേണം .അതെവിടെ നിന്നു കിട്ടും?" വലിയ ധനികനായിട്ടാണ് ബഷീർ വന്നെത്തിയതെന്ന വിചാരത്തിലാണ് എല്ലാവരും .ജീവിതം തന്നെ വെറും കഥയായി കണ്ട മനുഷ്യൻ ഇതിനെല്ലാം ഇടയിലൂടെ ഒരു യോഗിയെ പ്പോലെ വിലസുകയാണ്. താൻ നിർമ്മിച്ച തന്റെ ഭാവനയുടെ ദേശത്തെ, സൃഷ്ടികളെ, ജീവജാലങ്ങളുടെ നാനാവിധമായ ഭാവവിശേഷങ്ങളെ യഥാർഥ സ്രഷ്ടാവിനെപ്പോലെ എത്ര നിസ്സംഗമായാണ് നോക്കിക്കാണുന്നതെന്ന് സൂചിപ്പിക്കുന്നുണ്ട്.

ജീവരാശികളിൽ നിന്ന് ജീവന്റെ പ്രതിഭാസങ്ങളും പുൽപ്പടർപ്പുകളും മൈതാനങ്ങളും ചെടികളും വൃക്ഷങ്ങളും മാധുര്യമേറിയ പഴങ്ങളും കിഴങ്ങുകളും ധാന്യങ്ങളും പക്ഷികളും മൃഗങ്ങളും ഇഴജന്തുക്കളും ജലജീവികളും മനുഷ്യരും കാണാവുന്നവയും കാണാനാവാത്തവയുമായ വിചിത്ര ഭീകര സുന്ദര ചരാചരങ്ങളിലായി വിചാര വികാരങ്ങൾ ഉള്ളവയും ഇല്ലാത്തവയുമായ " പ്രപഞ്ചത്തെ ബഷീർ അവതരിപ്പിക്കുന്നുണ്ട്.

## പഠനപ്രവർത്തനങ്ങൾ

### കുറിപ്പ് തയ്യാറാക്കാം

അമ്മയിലെ ബോലാറാം, ഡോക്ടർ,ടാക്സിഡ്രൈവർ എന്നീ കഥാപാത്രങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത് എന്തെല്ലാമാണ് ?

പൊതു ചർച്ച

### ക്രോഡീകരണം

- സ്വാർഥത പെരുകുമ്പോഴും സ്നേഹവും കരുതലും ആർദ്രതയും സമൂഹത്തിൽ ബാക്കി നിൽക്കുന്നു എന്ന തിരിച്ചറിവ്
- പ്രതീക്ഷയുടെ പച്ചത്തുരുത്തുകൾ ബാക്കിയുണ്ട്. സ്നേഹരാഹിത്യം കൊണ്ട് കരിഞ്ഞുപോയ ജീവിതങ്ങൾ വീണ്ടും തളിർക്കുകയും പൂക്കുകയും ചെയ്യും.
- അവനവനിലേക്ക് ചുരുങ്ങുന്നവർ മാത്രമല്ല മറ്റുള്ളവരിലേക്ക് സഹഭാവത്തോടെ പടരുന്നവരും ലോകത്തുണ്ട്.
- സ്നേഹത്തിന്റെയും സഹഭാവത്തിന്റെയും പ്രതീകങ്ങൾ.

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

**മനുഷ്യരെ മാത്രമല്ല പ്രകൃതിയിലെ എല്ലാറ്റിനെയും സർവ്വചരാചരങ്ങളെയും സഹജീവികളായി കാണാൻ കഴിയണം. അവർക്കിടയിൽ അവരിൽ ഒരാളായി ജീവിക്കാൻ കഴിയണം. പ്രശാന്തമായ മനസ്സോടെ.**

ബോലേറാമിനെ പോലെയുള്ള മനുഷ്യരുടെ ജീവിതത്തെ അടയാളപ്പെടുത്താൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ?

പ്രതികരിക്കുന്നു-പൊതു ചർച്ച

പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

### ക്രോഡീകരണം

- ചുറ്റുപാടുമുള്ള മനുഷ്യരോട് മാത്രമല്ല സഹജീവികളോടും കരുതലും സ്നേഹവും വേണം.
- കോടാനുകോടി ജീവജാലങ്ങളിലെ ഒരംഗമാണ് താനും എന്ന വിനയപൂർണ്ണമായ തിരിച്ചറിവ് ജീവിതത്തെ കൂടുതൽ ശാന്തവും സുന്ദരവുമാക്കും.

? **പ്രശാന്തത കൊതിച്ച് സ്വന്തം വീട്ടിൽ തിരിച്ചെത്തിയ ബഷീർ എന്ന കഥാപാത്രത്തെ പാത്തുമ്മയുടെ ആട് എന്ന നോവലിൽ നമുക്ക് കാണാം. അദ്ദേഹത്തിന്റെ വീട്ടിലെ അനുഭവം എങ്ങനെയുള്ളതായിരുന്നു?**

പാത്തുമ്മയുടെ ആട്- ഒരു സത്യമായ കഥ എന്ന ലേഖനം വായിക്കാൻ നിർദ്ദേശിക്കുന്നു.

പല ഭാഗങ്ങളായി ഭാവാത്മകമായി വായിക്കുന്നു

തുടർന്ന് ബഷീറിന്റെ ആഗ്രഹവും വീട്ടിലെ അനുഭവവും തമ്മിൽ എത്രമാത്രം പൊരുത്തം ഉണ്ടായിരുന്നു എന്നു പരിശോധിക്കുന്നു.

ലേഖനഭാഗത്തെ നോവൽസന്ദർഭങ്ങളും ലേഖകന്റെ നിരീക്ഷണങ്ങളും കണ്ടെത്തി അവതരിപ്പിക്കുന്നു.

[ചന്ത കൂടിയ ബഹളം, കുഞ്ഞുങ്ങളുടെ കരച്ചിൽ, പെണ്ണുങ്ങളുടെ വഴക്ക് വർത്തമാനം, ബഹളങ്ങൾ മേളങ്ങൾ, പണത്തിനും സാധനങ്ങൾക്കുമായുള്ള ആവശ്യങ്ങൾ തുടങ്ങിയവ]

വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

ബഷീറിനെ അശാന്തിയിലേക്ക് നയിച്ച സാഹചര്യങ്ങൾ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ് ?

ചർച്ച സൂചകങ്ങൾ പ്രദർശിപ്പിക്കുന്നു.

- കഥ പറയുന്ന രീതി
- പ്രത്യേക പ്രയോഗങ്ങൾ- അവ സൃഷ്ടിക്കുന്ന ഭാവാന്തരീക്ഷം
- ഭാഷാസവിശേഷതകൾ
- കഥാപാത്രചിത്രീകരണ സവിശേഷതകൾ

ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ആശയവ്യക്തതയ്ക്കായി പ്രശസ്ത എഴുത്തുകാരുടെ (എം. എൻ. വിജയൻ, ഒ.എൻ.വി., പെരുമ്പടവം, എം. പി. പോൾ, സക്കറിയ) ബഷീർ കൃതികളുടെ രചനാസവിശേഷതകളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ അടങ്ങിയ ചെറുകുറിപ്പുകൾ ഓരോ ഗ്രൂപ്പിലും നൽകുന്നു.

*"ബഷീറിനെ ഞാൻ പിന്നീട് അനുകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ വിജയിച്ചില്ല. കാരണം ബഷീറിന്റെ ആഖ്യാനം ബഷീർ എന്ന ആളിന്റെ യഥാർഥ സ്വഭാവമല്ലാതെ മറ്റൊന്നുമായിരുന്നില്ല. മറ്റു പലരുടെയും ശൈലികളിലുള്ളതുപോലെ എളുപ്പത്തിൽ അനുകരിക്കാവുന്ന ഒന്നും അതിലില്ല. രചനാ തന്ത്രത്തിന്റെ ആയുധങ്ങളും ഉപകരണങ്ങളും പൊയ്മുഖങ്ങളുമാണ് അങ്ങനെ അനുകരിക്കാനായി എളുപ്പത്തിൽ പെറുക്കിയെടുക്കാൻ കഴിയുക. ബഷീറിന് അത്തരം രചനാ തന്ത്രങ്ങൾ ഉണ്ടായിരുന്നില്ല."*

**സക്കറിയ**

*"ബഷീർ കഥകളിലെ ചിരി ദുഃഖത്തിന്റെ ചിരിയാണെന്ന് എന്റെ മനസ്സ് പറഞ്ഞു. ബഷീർ ഉള്ളിൽ വഹിക്കുന്ന മഹാവ്യവസനങ്ങളുടെയും പലതരം ക്ഷോഭങ്ങളുടെയും സ്നേഹത്തിന്റെയും പ്രച്ഛന്ന വേഷമാണ് ആ ചിരി. "*

**പെരുമ്പടവം ശ്രീധരൻ**

*"ഒരു സാഹിത്യകാരന്റെ ബഷീറിന്റെ ആത്മകഥയുടെ ലളിതമായ രീതിയിലാണ് നോവലിന്റെ വികാസം. സങ്കീർണമായ മനോഘടനകളോ ഗുപ്തമായ അഗാധ വികാരങ്ങളോ അതീത ചിന്തകളോ ഒന്നുമില്ലാത്ത സാധാരണക്കാരുടെ കഥയുമാണിത് ."*

**വി. സി. ശ്രീജൻ**

*"ഭാഷയിലെ വരേണ്യവൽക്കരണത്തെ ചോദ്യം ചെയ്യുന്ന മലയാള നവോത്ഥാനകൃതിയാണ് പാത്തുമ്മായുടെ ആട് ."*

**പി. കെ. പോക്കർ**

ഓരോ ഗ്രൂപ്പും കുറിപ്പുകൾ കൂടി വിശകലനം ചെയ്തു തങ്ങളുടെ നിരീക്ഷണങ്ങൾ തെളിവുകൾ സഹിതം അവതരിപ്പിക്കുന്നു.

[അവതരണസമയത്ത് എഴുത്തുകാരുടെ നിരീക്ഷണങ്ങൾ ഓരോന്നും സ്ലൈഡ് ആയി പ്രദർശിപ്പിക്കണം]

മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.

പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

- വാമൊഴിയുടെ കരുത്തും കാന്തിയും
- ഋജുവും ലളിതവുമായ വാക്യങ്ങൾ
- സരളമനോഹരമായ ആഖ്യാനരീതി
- കണ്ണീരിനെ പൊട്ടിച്ചിരിയാക്കുന്ന നർമ്മരസം തുളുമ്പുന്ന ആഖ്യാനം
- ജീവസ്സുറ്റ കഥാപാത്രങ്ങൾ സ്നേഹാർദ്രമായ സമീപനം
- സ്വന്തം കുടുംബപശ്ചാത്തലം
- കഥയും കഥാപാത്രങ്ങളും വായനക്കാർക്ക് അപരിചിതമായി തോന്നുകയില്ല.

ചർച്ചകളുടെ വെളിച്ചത്തിൽ ബഷീർകൃതികളുടെ രചനാസവിശേഷതകളെക്കുറിച്ച് പാത്തുമ്മായുടെ ആടിനെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുന്നു.

കുറിപ്പുകൾ സ്വയം/പരസ്പരംവിലയിരുത്തുന്നു.

ചർച്ചചെയ്ത് മെച്ചപ്പെടുത്തുന്നു. മികച്ചവയുടെ അവതരണം.

## തുടർപ്രവർത്തനം:

- **കുറിപ്പ് മെച്ചപ്പെടുത്തി എഴുതുക.**

? **പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥയാണ്. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നോവൽ വായനാനുഭവം കൂടി അടിസ്ഥാനമാക്കി സ്വാഭിപ്രായം സമർഥിക്കുക.**

## കുറിപ്പുകളുടെ അവതരണം

തുടർപ്രവർത്തനമായി നൽകിയ സ്വാഭിപ്രായക്കുറിപ്പ് ബെഞ്ച് ഗ്രൂപ്പിൽ കൈമാറി വായിക്കുന്നു.

മികച്ചവ കണ്ടെത്തുന്നു.

മൂന്ന്, നാല് എണ്ണം അവതരിപ്പിക്കുന്നു.

ശ്രദ്ധേയമായ നിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ മറ്റു കുട്ടികൾക്ക് അവസരം നൽകുന്നു.

തുടർന്ന് 'പാത്തുമ്മായുടെ ആടിലെ ആ പുസ്തകം തിന്നുന്ന രംഗം -ചിത്രം സ്ലൈഡ് പ്രദർശിപ്പിക്കുന്നു. സന്ദർഭം ഏതാണ്?കുട്ടികൾ പ്രതികരിക്കുന്നു. സന്ദർഭം നാടകീയമായി വായിച്ച് അവതരിപ്പിക്കുന്നു.

ഈ രംഗത്തിൽ ആട് വായനക്കാരന്റെ പ്രതീകമായി മാറുന്നുണ്ടോ?

ചോദ്യം ഉന്നയിക്കുന്നു. വ്യക്തിഗതമായി കുറിക്കുന്നു. അവതരിപ്പിക്കുന്നു. ആശയ വ്യക്തതയ്ക്കുവേണ്ടി നാല്, അഞ്ച് പേർ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

## ക്രോഡീകരണം

- ആസ്വദിക്കൽ തിന്നലാണ്, സ്വാദ് നോക്കലാണ്, സ്വാദ് നോക്കണമെങ്കിൽ തിന്നണം.
- വായന മനസ്സിന്റെ തീറ്റയാണ്. മനസ്സാകുന്ന ആടിന്റെ തീറ്റയാണ്. ഇവിടെ ആടും ആസ്വദിച്ച് തിന്നുന്നു. മനസ്സിന്റെ വിശപ്പും ആടിന്റെ വിശപ്പും മാറുന്നു.
- രസനയുടെ ഗുണമാണ് രസം. ആട് പുസ്തകം തിന്നുന്നത് നാവുകൂടി ഉപയോഗിച്ചാണ്. വായനയിലും ഇതുപോലെ രസാനുഭൂതി ഉണ്ടാകുന്നു. മനുഷ്യപക്ഷത്തും ആടിന്റെ പക്ഷത്തും ആസ്വാദനം ഈ അർഥത്തിൽ തീറ്റയായി മാറുന്നു.

തുടർന്ന്

***ഈ ചെറിയ കൃതിയുടെ ഗഹനത സുശിക്ഷിതരായ വായനക്കാരെ എന്നും വശീകരിച്ചുകൊണ്ടിരിക്കും.***

**പ്രൊഫ. എം. കെ. സാനു**

***എഴുത്തുകാരന്റെ ഓരോ കാൽവെപ്പിലെയും ദീർഘദൂരങ്ങളെ അളക്കാൻ കഴിയുന്ന വായനക്കാരെയാണ് നല്ല പുസ്തകങ്ങൾ തേടുന്നത്. പാത്തുമ്മായുടെ ആട് നമ്മെ നല്ല വായനക്കാരാക്കുന്നു.***

**(വീടാക്കടങ്ങൾ) ഡോക്ടർ എസ്. ശാരദക്കുട്ടി**

നിരീക്ഷണങ്ങൾ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

പാത്തുമ്മായുടെ ആട് എന്ന കൃതിയെയും അതിന്റെ വായനക്കാരെയും കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും നിരീക്ഷണങ്ങൾ താരതമ്യം ചെയ്യുക.

പൊതുചർച്ച

## ക്രോഡീകരണം

- വായനയുടെ വ്യതസ്തതലം
- വായനക്കാരുടെ നിലപാടും നിലവാരവും
- കൃതിയുടെ പ്രാധാന്യം മനസ്സിലാക്കുന്ന വായനക്കാർ
- മികച്ച വായനക്കാരെ സൃഷ്ടിക്കുന്ന കൃതികൾ
- ഓരോ വായനക്കാരും മികച്ച കൃതിക്ക് വ്യത്യസ്ത പാഠങ്ങൾ സൃഷ്ടിക്കുന്നു.
- വാച്യാർഥത്തിനപ്പുറം മുഴങ്ങുന്ന മറ്റർഥങ്ങൾ കാണാനും അനുഭവിക്കാനും കഴിയുന്ന വായനക്കാരൻ
- വായിച്ച് പരിചയവും പരിശീലനവും നേടിയ ആൾ
- (കുട്ടിയിലെ വായനാനൈപുണിയെ വളർത്താൻകൂടി ചർച്ച ഉപയോഗപ്പെടുത്തണം.)

## തുടർപ്രവർത്തനം :

പാത്തുമ്മായുടെ ആട് എന്ന കൃതിയുടെ വായനാനുഭവവും മേൽപ്പറഞ്ഞ രണ്ട് എഴുത്തുകാരുടെ നിരീക്ഷണങ്ങളും താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

## റോൾ പ്ലേ അവതരിപ്പിക്കാം

താരതമ്യക്കുറിപ്പുകളുടെ വിലയിരുത്തൽ സൂചകങ്ങൾ ചർച്ചയിലൂടെ രൂപീകരിക്കുന്നു.
തുടർന്ന് പാത്തുമ്മായുടെ ആടിൽ അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട രംഗം എഴുതാൻ അവസരം നൽകുന്നു.
ഒരേ രംഗം എഴുതിയവർ ഗ്രൂപ്പാകുന്നു.

[വീട്ടിലെ ചന്ത കൂടിയ ബഹളം, നെയ്മോഷണം, അബിയുടെ പോക്കറ്റ് ആട് തിന്നത്, എല്ലാവരും ബഷീറിനോട് ആവശ്യങ്ങൾ ഉന്നയിക്കുന്നത്, ചാമ്പക്ക തേടി വരുന്ന പെൺകിടാങ്ങൾ, പാത്തുമ്മയുടെ ആടിന്റെ പുസ്തകം തിന്നത്.]

ഓരോ ഗ്രൂപ്പിനും അവരവർക്ക് ലഭിച്ച ഭാഗം നാല് / അഞ്ച് മിനിറ്റ് ദൈർഘ്യം വരുന്ന റോൾപ്ലേ ആയി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

### റോൾ പ്ലേ :

വേഷവിതാനങ്ങളില്ലാതെ കഥാപാത്രങ്ങളെ ഭാവ -ഭാഷണതലത്തിൽ ആവിഷ്കരിക്കുന്നതാണ്. റോൾ-പ്ലേ എന്നത് സൃഷ്ടിപരമായ ഒരു പ്രവർത്തനമാണ്, അതിൽ പങ്കെടുക്കുന്നവർ ഒരു സാഹചര്യത്തിൽ ഒരു പ്രത്യേക കഥാപാത്രങ്ങളായി മാറുകയും അഭിനയിക്കുകയും ചെയ്യുന്നു.

ചില കഴിവുകൾ വികസിപ്പിക്കുന്നതിനോ പരിശീലിക്കുന്നതിനോ വ്യത്യസ്തമായ വീക്ഷണങ്ങൾ പരിചയപ്പെടുന്നതിനോ വ്യക്തികളെ സഹായിക്കുന്നതിനായി വിദ്യാഭ്യാസം, വിനോദം, തെറാപ്പി തുടങ്ങിയ ആവശ്യങ്ങൾക്കോ ഇത് ഉപയോഗിക്കാറുണ്ട്.

റോൾ-പ്ലേയിൽ സംഘാംഗങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തൽ, ഉചിതമായ സംഭാഷണങ്ങളിലൂടെയുള്ള ആശയവിനിമയം എന്നിവ ഉൾപ്പെടത്താറുണ്ട്.

ഇത് വ്യത്യസ്ത കഥാപാത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്താനും അനുകരണീയമായ ഇതര സാഹചര്യങ്ങളിൽ ഇടപെടാനും കുട്ടികളെ സഹായിക്കുന്നു.

അഭിനേതാക്കൾക്ക് നിർണായക പങ്കുണ്ട്. അവർ കഥാപാത്രങ്ങളെ അഭിനയത്തിലൂടെ ജീവസുറ്റതാക്കുന്നു. വേഷത്തിൽ മുഴുകി, കഥാപാത്രത്തിന്റെ പ്രേരണകൾ, സ്വഭാവം, പശ്ചാത്തലം എന്നിവ മനസ്സിലാക്കി അവരെ ബോധ്യപ്പെടുത്തുന്ന തരത്തിൽ അവതരിപ്പിക്കാനുള്ള ശേഷി വികസിക്കുന്നു.

റോൾ-പ്ലേയിലെ അഭിനേതാക്കൾ അവരുടെ വ്യക്തിത്വം, സംഭാഷണ രീതികൾ, ശാരീരികക്ഷമത, റോളുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രത്യേക വിശദാംശങ്ങൾ എന്നിവ ഉൾപ്പെടെ, അവർ അവതരിപ്പിക്കുന്ന കഥാപാത്രത്തെക്കുറിച്ച് സ്വയം വിശദമായ ഗവേഷണം നടത്തുകയും അവർ അഭിമുഖീകരിക്കുന്ന സാഹചര്യവുമായി പൊരുത്തപ്പെടുകയും മറ്റ് അഭിനേതാക്കളുമായി ഇടപഴകുകയും, സംഭവവികാസങ്ങളോട് യുക്തമായ വിധത്തിൽ പ്രതികരിക്കുകയും ചെയ്യുന്നു.

റോൾപ്ലേയിൽ അഭിനയിക്കുന്നവർക്ക് സ്വന്തം നിലയിൽ ചിന്തിക്കാനും കഥാപാത്രങ്ങളുടെ സ്വഭാവത്തിൽ തുടരാനും മറ്റ് പങ്കാളികളുടെ പ്രവർത്തനങ്ങളോടും സംഭാഷണങ്ങളോടും ആധികാരികമായി പ്രതികരിക്കാനും കഴിയണം.

റോൾ-പ്ലേയുടെ വിജയം അവരുടെ കഥാപാത്രങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളാനും പങ്കെടുക്കുന്നവർക്ക് യാഥാർഥ്യവും ആകർഷകവുമായ അനുഭവം സൃഷ്ടിക്കാനുമുള്ള അഭിനേതാക്കളുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു. ശേഷികൾ വളരാനും നാടകാവതരണം പ്രയോജനപ്പെടും.

ലഭിച്ച ഭാഗം റോൾപ്ലേ ആയി അവതരിപ്പിക്കുന്നതിനുള്ള ആസൂത്രണം, പരിശീലനം, ആവശ്യമായ മുന്നൊരുക്കങ്ങൾ എന്നിവ നടത്തുന്നതിനുള്ള നിർദേശങ്ങളും സഹായങ്ങളും നൽകുന്നു.

(എല്ലാ ഗ്രൂപ്പിലും എല്ലാ കുട്ടികൾക്കും ഏതെങ്കിലും തരത്തിൽ പങ്കാളിത്തം ഉറപ്പാക്കണം)

ആസൂത്രണങ്ങൾക്ക് ശേഷം റോൾപ്ലേകളുടെ അവതരണം.

അവതരണഘട്ടത്തിൽ പരസ്പരം വിലയിരുത്തൽ നടക്കണം.

അവതരണ മികവിന് കാരണമായ ഘടകങ്ങൾ കണ്ടെത്തുന്നു.

തുടർന്നുള്ള അവതരണങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്ന് ചർച്ച ചെയ്യുന്നു. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

[അവതരണത്തിന് ആത്മവിശ്വാസം നൽകുന്ന വിധത്തിൽ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ രസകരമായ ചില തീയേറ്റർ ഗെയിംസിൽ ടീച്ചറും കുട്ടികളും ഒന്നിച്ച് ഏർപ്പെടണം ]

## പദസവിശേഷതകൾ കണ്ടെത്താം

വാക്യങ്ങൾ എഴുതിയ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

- അതിലെ കഥാപാത്രങ്ങളെല്ലാം ഈശ്വരാനുഗ്രഹത്താൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു.
- വിരസമായിത്തീരാവുന്ന വസ്തുതകൾ പോലും ബഷീറിന്റെ അനുഗ്രഹീതമായ തൂലികയുടെ സ്പർശത്താൽ എങ്ങനെയോ രസപ്രദമായിത്തീരുന്നു.
- ജീവജാലങ്ങളുടെ നാനാവിധമായ ചേഷ്ടകളും ഭാവവിശേഷങ്ങളും ലീലയായി ദർശിക്കുന്ന സ്രഷ്ടാവിനെ ബഷീർ ഇവിടെ അനുസ്മരിപ്പിക്കുന്നു.
- വായനക്കാരെ വിസ്മയിപ്പിക്കുന്ന സാഹിത്യ സൃഷ്ടിയായി പാത്തുമ്മയുടെ ആട് മാറുന്നു.

**അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം ചർച്ച ചെയ്യുന്നു.**

**? എന്താണ് ഇത്തരം പദങ്ങളുടെ സവിശേഷത ?**

നാമങ്ങളിൽ നിന്നോ വിശേഷണങ്ങളിൽ നിന്നോ ഇത്തരത്തിൽ പുതിയ പദങ്ങൾ ഉൽപാദിപ്പിക്കുന്നത് ഭാഷയിൽ സാധാരണമാണ്. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ചർച്ച ചെയ്യുക.

സൃഷ്ടി എന്ന നാമരൂപത്തിൽ നിന്നുണ്ടായ മറ്റൊരു പദമാണ് സ്രഷ്ടാവ്. അതുപോലെ അനുഗ്രഹം എന്നതിൽ നിന്ന് അനുഗ്രഹീതൻ.

| | |
|---|---|
| മിടുക്ക് | മിടുക്കി /മിടുക്കൻ |
| തല | തലയൻ / തലച്ചി |
| സാമർഥ്യം | സമർഥൻ /സമർഥ |
| സ്വാതന്ത്ര്യം | സ്വതന്ത്രൻ /സ്വതന്ത്ര |
| | |
| | |
| | |

ഇത്തരം പദജോഡികൾ പട്ടികപ്പെടുത്തി അവയുടെ ഭാഷാപരമായ സവിശേഷതകൾ വിശകലനം ചെയ്യുക.

ചർച്ച.

### ക്രോഡീകരണം

- നാമങ്ങളിൽ നിന്നും വിശേഷണങ്ങളിൽ നിന്നും നിഷ്പാദിപ്പിക്കുന്ന നാമപദങ്ങളെ തദ്ധിതം എന്നാണ് പറയുന്നത്.

  സൃഷ്ടി - സ്രഷ്ടാവ്

  അനുഗ്രഹം - അനുഗൃഹീതൻ

  ഈ വ്യത്യാസം കുട്ടികൾ തിരിച്ചറിയണം.
- സൃഷ്ടിക്കപ്പെട്ട പുതിയ പദം അതിന്റെ ലിപിയിൽ വന്ന വ്യത്യാസം അർഥം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച ധാരണ രൂപീകരിക്കുന്ന വിധത്തിൽ ചർച്ച ക്രോഡീകരിക്കണം.

## ഉപന്യാസം തയ്യാറാക്കാം

യൂണിറ്റിലെ പാഠഭാഗങ്ങളെ സമഗ്രമായി കാണുന്ന പ്രവർത്തനമാണ് ഇത്. സുകൃതഹാരങ്ങൾ, അമ്മ, പാത്തുമ്മയുടെ ആട് - ഒരു സത്യമായ കഥ എന്നിവയിൽ പൊതുവായി കടന്നുവന്ന മാനവികത എന്ന പ്രമേയത്തെ കേന്ദ്രീകരിച്ചുള്ള ചെറു ചോദ്യങ്ങളിലൂടെ ആശയ സമഗ്രത നേടിയോ എന്ന് പരിശോധിക്കാം.

ശീർഷകങ്ങളിലൂടെ ഈ ആശയം എത്രമാത്രം പ്രകടമാകുന്നു എന്ന് നോക്കാം.

സുകൃതഹാരങ്ങൾ - അമ്മ

**? ദാഹിച്ചുവലഞ്ഞെത്തുന്ന ഭിക്ഷുവിന് നൽകുന്ന തെളിനീർ - സുകൃതഹാരങ്ങളായി മാറുന്നതെങ്ങനെയാണ്?**

**? അമ്മ എന്ന കഥാപാത്രം സമൂഹത്തിന് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?**

മനുഷ്യരും ജീവജാലങ്ങളും എല്ലാം ഉൾപ്പെടുന്നതും ബന്ധപ്പെടുന്നതും ആയ ഒരു ലോകം - ദേശാതിർത്തികളും രാജ്യാതിർത്തികളും ഇല്ലാത്ത ഭൂമി എന്ന ഏക കുടുംബ സങ്കൽപ്പത്തിലേക്ക് ബഷീർ നമ്മെ നയിക്കുന്നുണ്ടോ? എന്നീ ചോദ്യങ്ങൾ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച.

തുടർന്ന് എൻ. വി. കൃഷ്ണവാര്യരുടെ ആഫ്രിക്ക എന്ന കവിതയിലെ വരികൾ വിശകലനം ചെയ്യട്ടെ.

വർണ്ണം, വർഗം, ദേശം, ഭാഷ, (സംസ്കാരം) എന്നിങ്ങനെയുള്ള എല്ലാ വിഭാഗീയതകൾക്കും അപ്പുറമുള്ള വിശുദ്ധമായ കൂട്ടായ്മ പടുത്തുയർത്തുന്നതിനെ കുറിച്ചുള്ള ആശയമാണ് എൻ വി കൃഷ്ണവാരിയർ വ്യക്തമാക്കുന്നത്.

നേരിട്ട് കാണുകയോ അറിയുകയോ അനുഭവിക്കുകയോ ചെയ്യാത്ത വേദനകളും തന്റേതായി തീരുകയാണ്. ഇവിടെ അസ്വാതന്ത്ര്യത്തിന്റെ ചങ്ങലകളിൽ അടിമകളാക്കപ്പെടുന്നവരുടെ നിസ്സഹായത നിറഞ്ഞ വേദനയും അവർക്ക് ഏൽക്കേണ്ടിവരുന്ന മർദ്ദനവും തന്റേതുകൂടിയായി അനുഭവിക്കുന്നു.

" ഭിന്നവർണ്ണർ, ഭിന്നരാഷ്ട്രർ, ഭിന്നമതരെന്നു ചൊല്ലി -
യന്യരിൽ നിന്നകലുവരത്യന്ത ദുഷ്ടർ"

എന്ന് ഉള്ളൂർ ആശംസാഗാനത്തിൽ എഴുതിയത് കാണുക.

കാഠിന്യമുള്ള പാറയിൽ നിന്നും തടസ്സങ്ങളെയെല്ലാം നേരിട്ട് തെളിനീരുറവകൾ പുറപ്പെടുന്നതുപോലെ മാനവകുലത്തിലേക്ക് കാരുണ്യത്തിന്റെ ജീവജലം ഒഴുകേണ്ടതുണ്ട്.

കുമാരനാശാന് ഏറ്റവും ഇഷ്ടപ്പെട്ട ബിംബമാണ് സൂര്യൻ. ചണ്ഡാലഭിക്ഷുകിയിൽ കൊടുംവേനലിന്റെ പ്രതീകമാണത്. ആർദ്രതയും കാരുണ്യവും വറ്റിപ്പോയ ശുഷ്കനിലത്തിലേക്ക് എന്നോണമാണ് ജാതിശ്രേണിയിൽ താഴ്ന്നവരാകപ്പെട്ട ചാമർപെൺകുട്ടി കുളിർജലം നൽകുന്നത്. പെൺകുട്ടിയുടെ ആദ്യ ആശങ്കയ്ക്ക് ജാതിയല്ല താൻ ചോദിച്ചത് ദാഹജലമാണ് എന്ന് ഭിക്ഷുവിന്റെ വാക്യങ്ങൾ പ്രചോദനവും പ്രേരണയും ആകുന്നുണ്ട്.

പ്രായാധിക്യം കൊണ്ട് കഷ്ടപ്പെടുന്നവരും രോഗപീഡയും അനാരോഗ്യവുമുള്ളവരും നമുക്ക് ചുറ്റിലുമുണ്ട്. അവശരും ആലംബഹീനരുമായ അത്തരത്തിലുള്ളവർക്ക് ചിലപ്പോൾ ആശ്വാസത്തിന്റെ ഒരു വാക്കോ നോട്ടമോ കൈത്താങ്ങോ നൽകുന്ന ഊർജ്ജം ചെറുതായിരിക്കില്ല. വഴിയിൽ ഏതോ വാഹനമിടിച്ച് പരിക്കേറ്റ വൃദ്ധയായ അമ്മയെ തീരെ അപരിചിതരായ ഒരുകൂട്ടം ആളുകൾ പരിചരിക്കുന്നതും പരിഗണിക്കുന്നതും മാധവിക്കുട്ടി തന്റെ കഥയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ജീവിതത്തിന്റെ ഭിന്നതുറകളിൽ ഉള്ളവരുടെ നിസ്വാർഥമായ സേവന സന്നദ്ധതയെ ഹൃദയാവർജകമായ രീതിയിലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

" ഒരു മതം മതിയിനി പരസ്നേഹം -
മൊരു വർഗ്ഗം മതി മനുഷ്യ സംജ്ഞകം
ഒരു രാഷ്ട്രം മതി - ധരാതലം നമു-
ക്കൊരു ദൈവം മതി ഹൃദിസ്ഥിതം ദീപം"

എന്ന ഉള്ളൂർ കവിത (വിജയപ്രാർഥന)യിൽ കവി മുന്നോട്ടുവെക്കുന്ന ആശയം പോലെ വിശ്വസാഹോദര്യത്തിന്റെ പൂവുകൾകൊണ്ട് ഭൂമി മുഴുവൻ നിറയട്ടെ. നിരുപാധികമായ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മറുമരുന്ന് കൊണ്ട് എല്ലാ വിഭാഗീയതയുടെയും ശത്രുതയുടെയും വേലിക്കെട്ടുകൾ ഇല്ലാതാവട്ടെ എന്ന് നമുക്ക് ആശിക്കാം.

**പാഠം**

## ആന ആട് പൂച്ച

**എം. എ. റഹ്മാൻ**

കടുത്ത ഉന്മാദത്തിനടിപ്പെട്ട് തൃശൂർ ചിയ്യാരം മെൻറൽ സാനട്ടോറിയത്തിൽ കിടന്ന നാളുകളിലാണ് ബഷീർ പാത്തുമ്മയുടെ ആട് എഴുതുന്നത്. ചിത്തഭ്രമത്തിന്റെ കൊടുംതപത്തിൽ നിന്ന് സമചിത്തതയിലേക്കുള്ള വേദനാനിർഭരമായ മനോയാത്രയിൽ തന്റെ ആകുലതകളത്രയും കുടഞ്ഞു തെറിപ്പിച്ച് ശാന്തിപർവത്തിൽ അഭയം തേടാൻ കൊതിക്കുന്ന ഒരു വിഹ്വലമനസ്സാവാം 'പാത്തുമ്മായുടെ ആടി'ന്റെ ശില്പം സുഘടിതമല്ലാതാക്കിത്തീർത്തത്. ബഷീറിന്റെ ശാരീരിക ചലനങ്ങളുടെ പ്രത്യക്ഷതകൾ സംസാരവേള

കളിലും മറ്റും പ്രകടമാക്കുന്ന ഉദ്ഗ്രഥിതമല്ലാത്ത വ്യക്തിത്വം (disintegrated identity)ആഖ്യാനതന്ത്രത്തിൽ പ്രകടമാക്കുന്ന ഏക കൃതിയും പാത്തുമ്മായുടെ ആടാണ്. തന്റെ ശരീരത്തിന്റെ ചലനസാധ്യതകൾ പോലെ ഉന്മാദാവസ്ഥയിലെ നിൽക്കക്കള്ളിയില്ലാത്ത മനസിനെ അതിന്റെ അപസാമാന്യതകൾ കൊണ്ട് വിവൃതമാക്കുന്ന ഒരു ജൈവാനുഭവം ആടിന്റെ രചനയിൽ കാണാം. ആടിന്റെ പിടിച്ചാൽ കിട്ടാത്ത പ്രകൃതം തന്റെ അതേ അവസ്ഥയിലുള്ള ചിത്തവൃത്തികളുടെ ഒരു രൂപകമായി നോവലിന്റെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നുണ്ട്. ഈ ചിത്തവൃത്തികളെ ആധുനിക നിരൂപകരിൽ പ്രമുഖനായ വി. രാജകൃഷ്ണൻ തിരിച്ചറിഞ്ഞിട്ടുണ്ട്. 1982-ൽ മലയാളനോവലിനെകുറിച്ച് മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് നടത്തിയ ഒരു ചർച്ചയിൽ അദ്ദേഹം പാത്തുമ്മയുടെ ആടിന്റെ മുഖവുരയിലെ ഈ ഭാഗം ഉദ്ധരിക്കുന്നു.

"അപ്പോളെന്റെ മനസ്സ് നിലയില്ലാത്ത വൻകടലിൽ താണുപോകാൻ തുടങ്ങുന്ന ചെറിയ തുരുത്തുകൾപോലെ എന്നുപറഞ്ഞാൽ ശരിയാകുമോ ഏതായാലും ഇരുളിൽ, പേടിസ്വപ്നങ്ങൾ നിറഞ്ഞ ഇരുളിൽ, മനസ്സ് മുങ്ങിപ്പോയിരുന്നു. ഞാൻ തന്നെയാണ് മനത്. വന ബോൾ വെളിച്ചം കുറച്ച് മാത്രം. ഇരുളിലും വെളിച്ചത്തിലും ദൈവമേ ഞാനെവിടെ! സത്യ മേത്? പൊയ് ഏത്?"

തന്റെ വീട്ടിൽ നടന്ന സത്യമായ കഥ എന്നുപറയുകയും അതിന് നോവൽ എന്ന പേര് കൊടുക്കുകയും ചെയ്തതിന്റെ പിറകിലെ എഴുത്തുകാരന്റെ ലക്ഷ്യം മേൽപ്പറഞ്ഞ സത്യവും പൊയ്യും തിരിച്ചറിയായ നമ്മെ ബോധ്യപ്പെടുത്തുന്നു. ബഷീർകൃതികളിൽ മുഖവുരയും ചേർത്തു വായിച്ചാൽ മാത്രം സമ്പൂർണമാകുന്ന ഏകകൃതി 'പാത്തുമ്മയുടെ ആടാ'ണ്. അതിലെ മെന്റൽ സാനിട്ടോറിയത്തിലെ ഉന്മാദത്തിന്റെ ഇടവേളകളെക്കുറിച്ചുള്ള പരാമർശം എല്ലിൽ തട്ടുന്ന വിധം വേദനയും നർമ്മവും ഇടകലർത്തിയിട്ടും ബഷീർ നമുക്ക് സഹ്യമാക്കുന്നു. തന്റെ ഇരുണ്ട മുറിയിലേക്ക് കയറിവരുന്ന ഭ്രാന്തൻമാരായ സഹജീവികളുടെ കണ്ണുനീരിൽനിന്ന് അതു തന്റെതന്നെ കണ്ണുനീരാണെന്ന് തിരിച്ചറിഞ്ഞ് ബഷീർ മഴവില്ല് സൃഷ്ടിക്കുന്നു. ജീവിതത്തിലെ സമസ്തവൈരൂപ്യങ്ങളും പൊടുന്നനെ നടുങ്ങിവിറച്ച് മറ്റൊരു രൂപം കൈക്കൊള്ളുന്നു. കലയുടെ മാന്ത്രികസ്പർശത്താൽ ജയിൽമുറ്റങ്ങളും ഭ്രാന്താശുപത്രിയും പൂന്തോട്ടമായി രൂപാന്തരം പ്രാപിക്കുന്നു. തന്റെ ഉള്ളിൽ തിമിർത്താടുന്ന കൊമ്പും കോമ്പല്ലുമുള്ള ഇരുണ്ട ഭീകരരൂപികളെയും ആവഹിക്കുന്ന ഭ്രാന്തിൽ നിന്ന് ഏകാഗ്രതയോടെ വിടുതൽ നേടി പ്രകാശവും ചൈതന്യവും നന്മയും പരത്തുന്ന ധവളരൂപങ്ങളെ ബഷീർ സൃഷ്ടിക്കുന്നു.

ആട് എന്ന പാവംജീവി ഒരു സുന്ദരകലാസൃഷ്ടിയായി പഴയ കൊമ്പനാനയെ കൊന്ന് വീടു മുഴുവൻ ചുറ്റിനടക്കുന്നു. ന്റുപ്പുപ്പായിലെ കൊമ്പനാന ഫ്യൂഡൽ വ്യവസ്ഥാപിതത്തിന്റെ മരിച്ച പ്രതീകമാണെങ്കിൽ ആട് സ്വാതന്ത്ര്യാനന്തരകേരളത്തിൽ സംഭവിച്ച മധ്യവർഗകൂട്ടുകുടുംബ ജീവിതത്തിന്റെ ജീവിക്കുന്ന പ്രതിനിധിയാണ്. കൊമ്പനാന പഴയ ഓർമ്മയുടെ ആഘോഷത്തിലാണ് അഭിരമിക്കുന്നതെങ്കിൽ ആടും മറ്റെല്ലാ കഥാപാത്രങ്ങളും കൂട്ടുകുടുംബം ഉണ്ടാക്കുന്ന ദൈനംദിന പ്രശ്നങ്ങളിൽ മല്ലിട്ടാണ് ജീവിക്കുന്നത്. ആന പൊയ്പ്പോയ പ്രതാപമെങ്കിൽ ആട് ജീവിച്ചുതീർക്കേണ്ട ജീവിതം തന്നെയാകുന്നു. മാന്ത്രികപ്പൂച്ചയിലെത്തുമ്പോൾ ബഷീർ എത്തിച്ചേർന്ന അണുകുടുംബത്തിലെ ഗാർഹസ്ഥ്യത്തിനു ശേഷ മുള്ള ശുദ്ധമായ ആത്മീയതയുടെ പരിസരത്തെ പൂച്ച നിറവോടെ പൂരിപ്പിക്കുന്നു. ഈ മൂന്നു നോവലുകളിൽ നിന്നു കേരളീയ കുടുംബജീവിതപരിണാമത്തിന്റെ ചരിത്ര-രാഷ്ട്രീയ- സമ്പദ്പാഠങ്ങൾ നമുക്ക് വായിച്ചെടുക്കാൻ കഴിയുന്നു. പരിണാമിയായ കുടുംബസങ്കൽപ്പത്തിന് ഒരു രാഷ്ട്രീയവിവർത്തനം സാധ്യമാക്കുകയാണ് ബഷീർ. ആന ഉണ്ടായിരുന്നു എന്നും ആട് ആണ് എന്നും പൂച്ച ആകും എന്നും. ഭൂത- വർത്തമാന-ഭാവികളുടെ ത്രികാലസമുച്ചയത്തിൽ ഫ്യൂഡൽ കൂട്ടുകുടുംബ - അണുകുടുംബങ്ങളുടെ ജൈവപരിണാമം സമർഥമായി കോർത്തുവച്ചിട്ടുണ്ട്. പൂച്ച അണുകുടുംബത്തിന്റെ നിരാലംബതകളെ അതിജീവിക്കുന്ന ആത്മീയതയുടെ വിദൂരമാന്ത്രിക സാധ്യതകളുടെ പ്രതിനിധിയാണ്.

ശബ്ദങ്ങളിൽ ഒരു യുദ്ധാനന്തര നായകനെ (Post Worldwar Hero) ബഷീർ സൃഷ്ടിച്ചു. ഈ നായകനുശേഷമാണ് ബഷീർ ആടിനെ സൃഷ്ടിക്കുന്നത്. 'ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ച ഒരാൾ അവസാനം സ്വന്തംവീട്ടുമുറ്റത്തു തന്നെ തിരിച്ചെത്തുന്നു.' എന്ന ജോൺ ഫ്ളെച്ചറിന്റെ വാക്യങ്ങൾ പോലെ ബഷീർ ലോകത്തിന്റെ രാജപാതയിൽ നിന്നു തനിക്ക്കിട്ടിയ നായകനെക്കാൾ തന്റെ മുറ്റത്തെ ഇടവഴിയിലെ ആടിനെയാണ് കാണേണ്ടതെന്ന് കാണിച്ചുതന്നു. അപ്പോഴേക്കും ലോകവ്യവസ്ഥ മാറി.

കുടുംബവ്യവസ്ഥ തകർന്നു. ലോകമഹായുദ്ധം ലോകത്തിന്റെ തച്ചുശാസ്ത്രത്തെ തകർത്തതു പോലെ കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ച മധ്യകേരളത്തിലെ നായർ കുടുംബത്തിന്റെ വ്യാകരണത്തെ പൊളിച്ചു. പൊളിഞ്ഞ ഈ സമ്പദ്‌വ്യവസ്ഥയിൽ നിന്നുകൊണ്ട് എം. ടി. വാസുദേവൻനായർ ശബ്ദങ്ങളിലെ നായകന് മറ്റൊരു കേരളീയ പിൻഗാമിയെസൃഷ്ടിച്ചു. അതാണ് അസുരവിത്തിലെ ഗോവിന്ദൻകുട്ടി. പരിണാമിയായ കാലത്തിന്റെ മുമ്പിൽ ഒരു വംശീയ ബഹുത്വത്തിന്റെ (Ethnical Pluralism) ചിഹ്നങ്ങളോട് പൊരുത്തപ്പെട്ട് കേരളീയമായ ഒരു ആധുനികത പിറന്നു. ഗോവിന്ദൻകുട്ടിയുടെ മതംമാറ്റം ആധുനികനായ ഒരു റിബലിന്റെ നിഷേധവും ധിക്കാരവുമാണ് പ്രകടിപ്പിക്കുന്നത്. ശബ്ദങ്ങളിലെ നായകന്റെയും അസുരവിത്തിലെ നായകന്റെയും ഈ ചാർച്ചകൾ ചരിതബോധം കൊണ്ടാണ് തിരിച്ചറിയേണ്ടത്. മാറുന്ന ലോകവ്യവസ്ഥയോടൊപ്പം ലോകത്തിന്റെ അറ്റം തേടിപ്പോയ ഒരു കുട്ടി മധ്യകേരളത്തിൽ മലബാർ കലാപാനന്തരം മലയാളനോവലിൽ പിറന്നിട്ടുണ്ട്. ലഹളയിലുണ്ടായ കുട്ടി എന്ന് ഉറൂബ് വിശേഷിപ്പിച്ച, ആരാണ് പിതാവ് എന്ന് തിരിച്ചറിയാത്ത വിശ്വം. (സുന്ദരികളും സുന്ദരൻമാരും) മലബാർ കലാപംരണ്ടാം ലോകമഹായുദ്ധത്തിനു മുമ്പുതന്നെ കേരളത്തിന്റെ ആന്തരികസ്വത്വത്തിൽ വിള്ളലുണ്ടാക്കിയിരുന്നു. ഭൂവുടമ മേൽക്കോയ്മയെ തുരത്തി ഒരു കാർഷിക ജനകീയവ്യവസ്ഥ പകരം വയ്ക്കുകയാണ് ഈ സ്വത്വമാറ്റം. വിശ്വം അച്ഛനെ തേടിപ്പോകുന്നതും ശബ്ദങ്ങളിലെ നായ കൻ അനാഥനായതിൽ ദുഃഖിക്കുന്നതും ഗോവിന്ദൻകുട്ടി മതംമാറിയതും യാദൃച്ഛികമല്ല. ചരിത്രം ഒരു കെട്ടുകഥയല്ലാതായിത്തീരുകയാണിവിടെ.

ഒരു ദേശത്തിന്റെ ജീവചരിത്രത്തിലെ പങ്കാളിയായി ഓരോ മനു ഷ്യനും മാറുന്നു. ബഷീർ ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ച് സ്വന്തം വീട്ടുമുറ്റത്ത് എത്തിയപ്പോൾ ദേശത്തിന്റെ ജീവചരിത്രം തന്നെയാണ് സ്വന്തം ജീവചരിത്രമാകുന്നത് എന്ന് തിരിച്ചറിയുന്നു. അങ്ങനെയാണ് പട്ടാളക്കാ രനെ ഉപേക്ഷിച്ച് ബഷീർ പാവം ആടാകുന്നത്. ആടിനും ചരിത്രപുരുഷ നാകാമെന്ന് ബഷീർ തെളിയിച്ചു. ലോകത്തിലെ ഒരു ഭാഷയും തന്റെ വീട്ടിലെ ഭാഷയോളം സഫലമല്ല എന്ന് ബഷീർ തിരിച്ചറിഞ്ഞു.

ആട് സെമിറ്റിക് ജനതയുടെ പുരാവൃത്തങ്ങളിലും ജീവിതത്തിലും ഇടയസങ്കൽപ്പത്തിന്റെയും ബലിസങ്കൽപ്പത്തിന്റെയും പ്രതീകമാണ്. പാത്തുമ്മയുടെ കൂടെയുള്ള ആടിന്റെ നിരന്തരമായ യാത്രകൾ ഒരു ദേശാടന സമുദായത്തിന്റെ പലായനസ്വഭാവത്തെ ഓർമ്മിപ്പിക്കുന്നുണ്ടെങ്കിൽ അത് ചരിത്രത്തിലും അടിസ്ഥാന സാംസ്കാരികജീവിതത്തിലും വേരുകളുള്ള ഒരു വംശീയ പ്രതീകമാണെന്നു (Ethnic Symbol) തിരിച്ചറിയുക തന്നെ വേണം.

നമ്മുടെ പ്രമുഖരായ നിരൂപകർ ആടിനെ പല രീതിയിൽ നോക്കിക്കണ്ടിട്ടുണ്ട്. പി. കെ. ബാലകൃഷ്ണനും എം. എൻ. വിജയനും ഡോ: സി. ജെ. റോയിയും ടി. പത്മനാഭനും എം. എൻ. കാരശ്ശേരിയും സക്കറിയയും മറ്റും ആടിനെ തിരിച്ചറിയാൻ നടത്തിയ ശ്രമങ്ങൾ നമ്മുടെ നിരൂപണ ത്തിലുണ്ട്. അതിനോടൊപ്പം ചേർത്തുവയ്ക്കുവാൻ ആടിനെ പുതിയ വായനാപരിസരത്തിൽ തിരിച്ചറിയാനുള്ള ശ്രമങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. മലയാളത്തിൽ ആധുനികാനന്തരമായ പുതിയൊരു പരിപ്രേക്ഷ്യം സ്ഥാപിതമായിട്ടുണ്ട്. ഭാവുകത്വത്തിന്റെ സാമ്പ്രദായിക ചിഹ്നങ്ങൾ പോവുകയാണ്. പുതിയൊരു ചിഹ്നവ്യവസ്ഥ രൂപപ്പെടുകയാണ്. ഇതിലെ ഓരോ എഴുത്തുകാരും ആ പുതിയ ചിഹ്നവ്യവസ്ഥയിലൂടെ ആടിനെ നോക്കിക്കാണാനാണ് ശ്രമിക്കുന്നത്.

## ഉപന്യാസം

ഏതെങ്കിലും ഒരു വിഷയത്തെ ആധാരമാക്കി സാമാന്യം വിശദമായ രീതിയിൽ സമഗ്രതലങ്ങളേയും സ്പർശിച്ച് പ്രതിപാദിയ്ക്കുന്ന ഗദ്യപ്രബന്ധമാണ് 'ഉപന്യാസം. എഴുത്തുകാരന്റേതായ അഭിപ്രായസ്വാതന്ത്ര്യത്തിന് ഇതിൽ പ്രാധാന്യം കൽപ്പിക്കുന്നു. ഒരു ഉപന്യാസത്തിന്റേതായി കൽപിച്ചുവരുന്ന 5 ഗുണങ്ങൾ താഴെ പറയുന്നു.

- ഏകാഗ്രത
- പൂർവാപരബന്ധം
- സംക്ഷിപ്തത
- ശൈലി
- വ്യക്തിത്വം

സുനിശ്ചിതമായ ഒരു ലക്ഷ്യത്തെ മുൻനിർത്തി വിഷയത്തെ ഏകാഗ്രതയോടെ സമീപിയ്ക്കുന്നതാണ് ഒന്നാമത്തെ ഗുണം. വിഷയത്തെ കുറിച്ചുള്ള സമഗ്രബോധം ഉണ്ടാവേണ്ടതാണ്. വിഷയത്തിന്റെ ആരംഭത്തെക്കുറിച്ചും ഉപസംഹാരത്തെക്കുറിച്ചും രചയിതാവ് ബോധവാനാകേണ്ടതുണ്ട്, ഇതാണ് രണ്ടാമത്തെ ഗുണം. മൂന്നാമത്തെ ഗുണമായ സംക്ഷിപ്തതയിൽ വിഷയത്തിനു അനുകൂലമായ വലിപ്പത്തെയാണ് പ്രാധാന്യമാക്കുന്നത്. വായനക്കാരന് ദുസ്സാദ്ധ്യമാക്കുന്ന വാക്കുപേക്ഷിച്ച് ഗൗരവമേറിയ പദാവലി അഭിലഷണീയമാണ്. രചയിതാവിന്റെ വ്യക്തിപരമായ നിലപാടും സമീപനങ്ങളുമെല്ലാം അഞ്ചാമത്തെ ഗുണത്തിൽ അടങ്ങിയിരിക്കുന്നു.

ഒരു ഉപന്യാസത്തിന്റെ ശില്പഘടനയിൽ 3 ഭാഗങ്ങളാണുള്ളത്.

- ആമുഖം (ഉപക്രമം)
- പ്രതിപാദ്യം
- ഉപസംഹാരം

വിഷയത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ തിരിയുന്നതാണ് ഉപക്രമം. വിഷയത്തെക്കുറിച്ചുള്ള അപഗ്രഥനവും നിഗമനങ്ങളും ആണ് പ്രതിപാദ്യം. ഉപന്യാസത്തിലൂടെ താനെത്തിച്ചേർന്ന നിഗമനമാണ് ഉപസംഹാരത്തിൽ പ്രതിപാദിക്കുന്നത്.

സാഹിത്യ വിമർശനങ്ങൾ, രാഷ്ട്രീയ പ്രകടന പത്രികകൾ, ആശയ പ്രചാരണങ്ങൾ, അറിവുകളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ, നിത്യജീവിതത്തിലെ നിരീക്ഷണങ്ങൾ, വിവര സമാഹരണം, വിചിന്തനങ്ങൾ, അവലോകനങ്ങൾ തുടങ്ങിയവയാണ് സാധാരണഗതിയിൽ ഉപന്യാസങ്ങൾക്കു വിഷയമാകാറുള്ളത്.

മനസ്സിന്റെ അയഞ്ഞ സഞ്ചാരം (Loose Shalley of the Mind) എന്ന് ജോൺസണും ചിതറിയ ചിന്തകളുടെ ചങ്ങല എന്നു ബേക്കണും ഉപന്യാസത്തെ വിലയിരുത്തിയത് ആദ്യകാലത്ത് മലയാളം സ്വീകരിച്ചിട്ടുണ്ടാവും. ഉദ്ബോധനം, പ്രബോധനം, ധർമ്മോപദേശം ഇവയ്യൊക്കെ സാധ്യതകൾ ഉപന്യാസത്തിലുണ്ട്. സ്വാനുഭവങ്ങളുടെ മനോഹരവും സ്വതന്ത്രവും ആയ ആഖ്യാനമായി ഉപന്യാസം വളർന്നു. പ്രബോധനവും ഉപദേശവും നർമ്മവും എല്ലാം സ്വാനുഭവസംവേദനങ്ങളായി. ഇംഗ്ലീഷിൽ ഇതിനു നല്ല ഉദാഹരണങ്ങളാണ് മാർക്സ്ബീർ ബോമിന്റെ ഉപന്യാസങ്ങൾ. ബോമിന്റെ 'ഡാസ്ലിംഗ് ഹൈഡ്ലെറ്റ്' ശക്തമായ ഒരാക്ഷേപസാഹിത്യ കൃതിയാണ്. നിർദ്ദോഷ മായ സമൂഹം അനുഭവിക്കുന്ന പീഡയാണു വിഷയം.

ഉപന്യാസകാരൻമാരിൽ പ്രാതഃസ്മരണീയൻ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ (കേസരി 1861-1914) ആണ്. കേസരിയുടെ 'നാട്ടെഴുത്തച്ഛൻമാരും' 'നോവലും' എല്ലാം സ്വിഫ്റ്റിന്റെ പരിഹാസരചനകളെ അനുസ്മരിപ്പിക്കുന്നു എന്നാണ് പ്രൊഫ. എസ്. ഗുപ്തൻ നായരുടെ വിലയിരുത്തൽ.

## ഞാൻ എന്നെക്കുറിച്ച്

| | | പൂർണ്ണമായും | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|---|
| 1 | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ചർച്ചകളിൽ നിന്നും ആശയങ്ങൾ സ്വാംശീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 2 | രചനകളിലെ സവിശേഷപ്രയോഗങ്ങളും ആവിഷ്കാര ഭംഗിയും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 3 | കഥാപാത്രത്തിന്റെ രൂപം, ഭാവം തുടങ്ങിയ സവിശേഷ തകൾ ഉൾക്കൊണ്ട് നിരൂപണം തയ്യാറാക്കാൻ ധാരണ നേടിയിട്ടുണ്ട്. | | | |
| 4 | വൈവിധ്യമാർന്ന രചനകൾ വിശകലനം ചെയ്ത് ആസ്വാദ നക്കുറിപ്പ് തയ്യാറാക്കാൻ സാധിക്കുന്നു. | | | |
| 5 | ഗദ്യഭാഷയിലെ പ്രയോഗങ്ങളെ വിശകലനം ചെയ്ത് സൗന്ദ ര്യാംശ ങ്ങൾ തിരിച്ചറിഞ്ഞ് സ്വന്തം രചനകൾ നടത്താൻ കഴിയുന്നു. | | | |
| 6 | കവിതയിലെ സവിശേഷപ്രയോഗങ്ങൾക്ക് കൃത്യമായ അർഥതലമുണ്ടെന്ന് തിരിച്ചറിഞ്ഞ് പുതിയ സന്ദർഭങ്ങ ളിൽ പ്രയോഗിക്കാൻ കഴിയുന്നുണ്ട് . | | | |
| 7 | ലേഖനത്തിലെ ആശയം തിരിച്ചറിഞ്ഞ് സമാനാശയമുള്ള മറ്റു കൃതികൾ വായിച്ച് വിശകലനം ചെയ്യാൻ കഴിയുന്നു ണ്ട്. | | | |
| 8 | രചനാഭാഗങ്ങളിലെ ആശയങ്ങൾ ഉൾപ്പെടുത്തി റോൾ പ്ലേ /നാടകം എന്നിവ അവതരിപ്പിക്കാൻ കഴിയുന്നുണ്ട്. | | | |
| 9 | ശ്രീനാരായണഗുരുവിന്റെയും അംബേദ്കറിന്റെയും വാക്യങ്ങൾ വിശകലനം ചെയ്ത് 'സുകൃതഹാരങ്ങൾ പകരു ന്ന ജീവിതപാഠം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാ റാക്കുന്നു. | | | |
| 10 | കഥ ഭാവാത്മകമായി വായിക്കാൻ കഴിയുന്നുണ്ട്. | | | |
| 11 | അനുപ്രയോഗങ്ങളെ കുറിച്ച് ധാരണ നേടിയിട്ടുണ്ട്. | | | |
| 12 | അമ്മ എന്ന കഥയിലെ കേന്ദ്രപ്രമേയത്തെ മുൻനിർത്തി ചിത്രം നിർമ്മിക്കാൻ ആവശ്യമായ തിരക്കഥ എഴുതാൻ കഴിയുന്നു | | | |
| 13 | നാമങ്ങളിൽ നിന്നോ വിശേഷണങ്ങളിൽ നിന്നോ നിർമ്മി ക്കപ്പെടുന്ന പദങ്ങളെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട്. | | | |

# ഗ്രന്ഥകാരപരിചയം

## കെ ജി ശങ്കരപ്പിള്ള



കൊല്ലം ജില്ലയിലെ ചവറയിൽ 1948 ൽ ജനിച്ചു. 1970കളിൽ ബംഗാൾ എന്ന കവിതയിലൂടെ ശ്രദ്ധേയനായി. "ശങ്കരപ്പിള്ളയുടെ കവിതകൾക്ക് 2002ലെ കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചു .ആധുനിക കവിതയുടെ പ്രമുഖ പ്രയോക്താക്കളിൽ ഒരാളായി അറിയപ്പെടുന്നു. ആനന്ദൻ. കഷണ്ടി, ഊർമിള, രമണൻ, നന്നങ്ങാടികൾ, പ്രാർഥിക്കുന്നെങ്കിൽ ഇങ്ങനെ എന്നിവയാണ് പ്രധാന കൃതികൾ. 2019 ൽ കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം ,കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചു.

## എൻ. കുമാരനാശാൻ



കവിയും സാമൂഹിക പരിഷ്കർത്താവും. 1873 ഏപ്രിൽ 12ന് കായിക്കരയിൽ (തിരുവനന്തപുരം)ജനിച്ചു.ബാംഗ്ലൂരിലും കൽക്കത്തയിലും തർക്കവേദാന്തശാസ്ത്രങ്ങളിൽ ഉപരിപഠനം. വംഗദേശീയം, കാമാഖ്യനാഥ, കുമാരു, എൻ. കെ. ആശാൻ തുടങ്ങിയ പേരുകളിലും ആദ്യകാലത്ത് സൃഷ്ടികൾ നടത്തി. എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറി ആയിരുന്നു. 1924 ജനുവരി 16ന് പല്ലനയാറ്റിലെ ബോട്ട പകടത്തിൽ നിര്യാതനായി. കൃതികൾ : വീണപൂവ്, നളിനി, ലീല, പ്രലോഭനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ ,ചണ്ഡാലഭിക്ഷുകി, കരുണ, പുഷ്പവാടി വനമാല, മണിമാല, ബാലരാമായണം, ശ്രീബുദ്ധചരിതം കിളിപ്പാട്ട്

## മാധവിക്കുട്ടി



1934 മാർച്ച് 31ന് ജനനം. മലയാളത്തിൽ മാധവിക്കുട്ടി എന്ന പേരിലും ഇംഗ്ലീഷ് രചനകളിൽ കമലാദാസ് എന്ന പേരിലുമാണ് എഴുതിയിരുന്നത്. 1999നുശേഷം കമല സുരയ്യ എന്ന പേര് സ്വീകരിച്ചു. ഏഷ്യൻ പോയട്രി പ്രൈസ്, ആശാൻ വേൾഡ് പ്രൈസ്, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. 2009 മെയ് 31ന് അന്തരിച്ചു. പ്രധാനകൃതികൾ - എന്റെ കഥ, മാധവിക്കുട്ടിയുടെ കഥകൾ, നഷ്ടപ്പെട്ട നീലാംബരി, മാനസി, ചന്ദനമരങ്ങൾ, കടൽമയൂരം, വണ്ടിക്കാളകൾ, ഭയം എന്റെ നിശാവസ്ത്രം, നീർമാതളം പൂത്തകാലം, പക്ഷിയുടെ മണം.

## പ്രൊഫ. എം. കെ. സാനു



1928 ഒക്ടോബർ 27 ന് ആലപ്പുഴയിലെ തുമ്പോളിയിൽ ജനിച്ചു. അധ്യാപകൻ, എഴുത്തുകാരൻ, വാഗ്മി, ചിന്തകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനാണ് .മലയാള വിമർശന സാഹിത്യ ശാഖയ്ക്ക് സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രധാന കൃതികൾ - ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം, യുക്തിവാദി എം. സി. ജോസഫ്, അസ്തമിക്കാത്ത വെളിച്ചം, ഉറങ്ങാത്ത മനീഷി, ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ, ശാന്തിയിൽ നിന്ന് അശാന്തിയിലേക്ക്, സഹോദരൻ കെ. അയ്യപ്പൻ, മൃത്യുഞ്ജയം കാവ്യജീവിതം, പ്രഭാത ദർശനം. പുരസ്കാരങ്ങൾ : എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്.

## സഹായകഗ്രന്ഥങ്ങൾ / തീം ലൈബ്രറി

സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - ഡോ. കെ എം ജോർജ്

കാവ്യകല കുമാരനാശാനിലൂടെ - പി കെ ബാലകൃഷ്ണൻ

കായിക്കരയിലെ മണ്ണ് - സച്ചിദാനന്ദൻ

ആശാൻ എന്ന ശില്പി - നിത്യചൈതന്യയതി

ആശാന്റെ സീതാകാവ്യം - സുകുമാർ അഴീക്കോട്

ആശാന്റെ രചനാശില്പം - ഡോ. എം. എം. ബഷീർ

മരുഭൂമികൾ പൂക്കുമ്പോൾ - എം. എൻ. വിജയൻ

ആടും മനുഷ്യരും - പ്രൊഫ. എം. എ. റഹ്മാൻ

മാധവിക്കുട്ടി - പഠനങ്ങളും രചനകളും

